# ദീപനാളം

കലാസാംസ്കാരിക ദേശീയവാരിക

2024 സെപ്റ്റംബർ 5 | ദീപം 57 | നാളം 26 | Published from : PALA | പേജ് 16 | വില 8 രൂപ | www.deepanalam.org





സീറോമലബാർസഭ മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലിയുടെ ഉദ്ഘാടനം നിർവഹിച്ച് ഇന്ത്യയിലെ വത്തിക്കാൻ സ്ഥാനപതി ആർച്ചുബിഷപ് ലെയോപോൾദോ ജിറേല്ലി തിരി തെളിക്കുന്നു. മാതൃവേദി പ്രസിഡന്റ് ബീനാ ജോഷി, അസംബ്ലി സെക്രട്ടറി റവ. ഡോ. ജോജി കല്ലിങ്കൽ, പാലാ ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട്, കർദിനാൾ മാർ ജോർജ് ആലഞ്ചേരി, യാക്കോബായ സുറിയാനിസഭ മലങ്കര മെത്രാപ്പോലീത്താ ഡോ. ജോസഫ് മാർ ഗ്രിഗോറിയോസ്, അസംബ്ലി കമ്മിറ്റി കൺവീനർ ബിഷപ് മാർ പോളി കണ്ണൂക്കാടൻ, മാർ ജോസഫ് പള്ളിക്കാപറമ്പിൽ, സീറോ മലബാർ സഭ മേജർ ആർച്ചുബിഷപ് മാർ റാഫേൽ തട്ടിൽ, പാലാ രൂപത മുഖ്യവികാരി ജനറാൾ മോൺ. ജോസഫ് തടത്തിൽ, കേന്ദ്രമന്ത്രി ജോർജ് കുര്യൻ, ശിവദാസ് ദാനിയേൽ നായക് എന്നിവർ സമീപം.

# സാമൂഹികപ്രതിബദ്ധതയ്ക്കും സമുദായമുന്നേറ്റത്തിനും

## സീറോമലബാർസഭ അഞ്ചാമത് മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലി സമാപിച്ചു



ഡോ. കെ.കെ. ജോസ്

ആധുനികകാലഘട്ടത്തിന്റെ വെല്ലുവിളികളെ അഭിമുഖീകരിക്കാൻ, ഒന്നിച്ചു ചിന്തിച്ചും പ്രാർഥിച്ചും പ്രവർത്തിച്ചും കാലോചിതമായി മുന്നേറാനാവശ്യമായ കർമപദ്ധതികളാവിഷ്കരിച്ചുകൊണ്ട് സീറോമലബാർസഭയുടെ അഞ്ചാമത് മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലി സമാപിച്ചു.


പാലാ അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ ഓഗസ്റ്റ് 22 മുതൽ 25 വരെ നടന്ന അസംബ്ലിയിൽ സീറോമലബാർ സഭ മേജർ ആർച്ചുബിഷപ് മാർ റാഫേൽ തട്ടിൽപിതാവിന്റെ നേതൃത്വത്തിൽ 50 മെത്രാന്മാരും 34 മുഖ്യവികാരിജനറാൾമാരും 74 വൈദികപ്രതിനിധികളും 146 അല്മായരും 37 സന്ന്യാസിനികളും 7 സന്ന്യാസസഹോദരങ്ങളുമടങ്ങിയ 348 പ്രതിനിധികൾ പങ്കെടുത്തു.

23-ാം തീയതി ഇന്ത്യയിലെ വത്തിക്കാൻ സ്ഥാനപതി ആർച്ചുബിഷപ് ലെയോപോൾദോ ജിറേല്ലി തിരിതെളിച്ച് ഉദ്ഘാടനം ചെയ്തതോടെ അസംബ്ലി ആരംഭിച്ചു. അപ്പസ്തോലിക് നുൺഷ്യോയുടെ സാന്നിധ്യത്തിലൂടെ ഫ്രാൻസിസ് മാർപാപ്പാതന്നെയാണ് യോഗത്തിൽ സന്നിഹിതനായിരിക്കുന്നതെന്ന് സീറോമലബാർ സഭയുടെ മേജർ ആർച്ചുബിഷപ് മാർ റാഫേൽ തട്ടിൽ അധ്യക്ഷപ്രസംഗത്തിൽ പറഞ്ഞു. കാലഘട്ടത്തിന്റെ ആവശ്യങ്ങളും വെല്ലുവിളികളും തിരിച്ചറിഞ്ഞ് ഒരുമിച്ചുമുന്നേറാനുള്ള ആഹ്വാനമാണ് അസംബ്ലിയെന്ന് കർദിനാൾ മാർ ജോർജ് ആലഞ്ചേരി അനുഗ്രഹപ്രഭാഷണത്തിൽ പറഞ്ഞു. സംസ്കാരത്തിലും സമാധാനത്തിലും കേരളസമൂഹത്തെ രൂപപ്പെടുത്തിയതിൽ കത്തോലിക്കാസഭയുടെ പങ്ക് എക്കാലവും പ്രസക്തമാണെന്ന് കേന്ദ്രമന്ത്രി ജോർജ് കുര്യൻ പറഞ്ഞു. ക്രൈസ്തവർ വിവിധ തലങ്ങളിൽ പീഡനങ്ങൾക്കും ഭീഷണികൾക്കും ഇരയാകുമ്പോൾ കത്തോലിക്കാസഭയ്ക്കു പ്രബലമായ സാക്ഷ്യം നൽകാനുണ്ടെന്ന് യാക്കോബായ സുറിയാനിസഭ മെത്രാപ്പോലീത്ത ഡോ. ജോസഫ് മാർ ഗ്രിഗോറിയോസ് അഭിപ്രായപ്പെട്ടു.

ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട് സ്വാഗതവും പാലാ രൂപത മുഖ്യവികാരി ജനറാൾ മോൺ. ഡോ. ജോസഫ് തടത്തിൽ നന്ദിയും പറഞ്ഞു. കമ്മിറ്റി കൺവീനർ മാർ പോളി കണ്ണൂക്കാടൻ, മാർ ജോസഫ് പള്ളിക്കാപറമ്പിൽ, കമ്മിറ്റി സെക്രട്ടറി റവ. ഡോ. ജോജി കല്ലിങ്കൽ, എഫ്.സി.സി. മദർ ജനറൽ സിസ്റ്റർ ലിറ്റി, ശിവദാസ് ദാനിയേൽ നായ്ക്, ബീന ജോഷി, അഡ്വ. സാം സണ്ണി എന്നിവരും വേദിയിൽ സന്നിഹിതരായിരുന്നു. സീറോമലബാർ സഭ മുഴുവന്റെയും പ്രാതിനിധ്യസ്വഭാവം നിലനിർത്തിയ സഭായോഗത്തിൽ അംഗങ്ങൾ സമ്മേളനനഗറിൽത്തന്നെ താമസിച്ച് കൂട്ടായ്മയോടെ നടത്തിയ ഈ ആലോചനായോഗം പരിശുദ്ധ റൂഹായുടെ അഭിഷേകത്താൽ ഒരു പന്തക്കുസ്താനുഭവം പകരുന്നതായി. 'കാലാനുസൃതമായ സഭാജീവിതവും ദൗത്യവും സീറോമലബാർ സഭയിൽ' എന്നതായിരുന്നു മുഖ്യപ്രമേയം.

ഇരിങ്ങാലക്കുട മെത്രാൻ മാർ പോളി കണ്ണൂക്കാടൻ ജനറൽ കൺവീനറായി 16 വിവിധ കമ്മിറ്റികൾ കഴിഞ്ഞ ഒരു വർഷമായി ചർച്ച ചെയ്തു തയ്യാറാക്കിയ പ്രവർത്തനരേഖയുടെ അടിസ്ഥാനത്തിലായിരുന്നു അസംബ്ലി ചർച്ചകൾ. മൂന്നു പ്രധാന വിഷയങ്ങളായിരുന്നു പരിചിന്തനം ചെയ്തത്: 1. സീറോ മലബാർ സഭയിലെ വിശ്വാസരൂപീകരണരംഗത്തെ നവീകരണം 2. ഫലപ്രദമായ സുവിശേഷവത്കരണത്തിനായുള്ള അല്മായ ശക്തീകരണം 3. സീറോമലബാർ സമുദായത്തിന്റെ ശക്തീകരണം. ഈ വിഷയങ്ങൾ ഉൾക്കൊള്ളുന്ന പഠനരേഖ 2023 ജൂലൈയിൽ തയ്യാറാക്കി എല്ലാ തലങ്ങളിലും ചർച്ച ചെയ്തിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ പ്രവർത്തനരേഖയുടെ വെളിച്ചത്തിൽ അസംബ്ലിയിൽ മൂന്നു വിഷയങ്ങൾ സംബന്ധിച്ചും മറ്റു പൊതുവായ വിഷയങ്ങൾ സംബന്ധിച്ചും സമഗ്രമായ പഠനങ്ങളും ചർച്ചകളും നടന്നു.

23, 24 തീയതികളിലായി വിശ്വാസരൂപീകരണരംഗത്തെ നവീകരണവും സമുദായത്തിന്റെ ശക്തീകരണവും സംബന്ധിച്ച് വിവിധ പ്രതിനിധികളുടെ നേതൃത്വത്തിൽ നടന്ന സജീവമായ ചർച്ചകളിൽ ഓരോരുത്തരും തങ്ങളുടെ അഭിപ്രായങ്ങളും നിർദേശങ്ങളും പങ്കുവച്ചു. 24 ന് ഉച്ചകഴിഞ്ഞ് ആർച്ചുബിഷപ് മാർ മാത്യു മൂലക്കാട്ടിന്റെ അധ്യക്ഷതയിലും പിന്നീട് ബിഷപ് മാർ തോമസ് തറയിലിന്റെ അധ്യക്ഷതയിലും നടന്ന പൊതുചർച്ചകളിൽ ഉയർന്നുവന്ന അഭിപ്രായങ്ങളും നിർദേശങ്ങളും മെത്രാന്മാരും വൈദികരും അല്മായരും സന്ന്യസ്തരും പരസ്പരം പങ്കുവച്ചു. കർഷകർ അനുഭവിക്കുന്ന വിവിധ പ്രശ്നങ്ങളും കർഷകവിരുദ്ധനയങ്ങളും വന്യജീവിശല്യവും പലരും ഉയർത്തിക്കാട്ടി. അതുപോലെതന്നെ, പ്രളയവും പ്രകൃതിദുരന്തങ്ങളും മുല്ലപ്പെരിയാറും മറ്റും സൃഷ്ടിക്കുന്ന ആശങ്കകളെ ഗൗരവപൂർവം കാണണമെന്ന് സമ്മേളനത്തിൽ പങ്കെടുത്തവർ ആവശ്യപ്പെടുകയുണ്ടായി. ▶ 2



*പാലായിൽ നടന്ന അഞ്ചാമത് സീറോമലബാർസഭ മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലിയിൽ പങ്കെടുത്ത പ്രതിനിധികൾ സമ്മേളനവേദിയായ അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിനുമുമ്പിൽ.*

# അല്മായശക്തീകരണം പ്രേഷിതപ്രവർത്തനത്തിന്

*1-ാം പേജ് തുടർച്ച*

ക്രൈസ്തവരായ സാമൂഹിക പരിഷ്കർത്താക്കളെ തമസ്കരിക്കുന്നതിലും ക്രൈസ്തവകലാരൂപങ്ങളോടുള്ള അവഗണനയിലും മറ്റനേകം ക്രൈസ്തവവിരുദ്ധസമീപനങ്ങളിലും ശക്തമായ പ്രതിഷേധം രേഖപ്പെടുത്തിയ പ്രതിനിധികൾ കലാസാംസ്കാരികരാഷ്ട്രീയരംഗങ്ങളിൽ ക്രൈസ്തവർ കൂടുതലായി മുന്നോട്ടുവന്ന് സജീവപങ്കാളിത്തം വഹിക്കേണ്ടതിന്റെ ആവശ്യകതയും ചൂണ്ടിക്കാട്ടി. ജസ്റ്റീസ് ജെ.ബി. കോശി കമ്മീഷൻ റിപ്പോർട്ടു പ്രസിദ്ധീകരിച്ച് ശിപാർശകൾ നടപ്പിലാക്കണമെന്ന് ആവശ്യപ്പെട്ടതുകൂടാതെ, ക്നാനായസമുദായത്തെ ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും ദളിത് കത്തോലിക്കർക്ക് ഭരണഘടന ഉറപ്പു നൽകുന്ന അവകാശങ്ങൾക്കായി സഭയൊന്നാകെ സംഘടിക്കണമെന്നും അംഗങ്ങൾ ഒന്നടങ്കം ശബ്ദമുയർത്തി. ഗൾഫ് രാജ്യങ്ങളിലെ സീറോ മലബാർ സഭാംഗങ്ങൾക്കായി പ്രത്യേക സംവിധാനം ഏർപ്പെടുത്തണമെന്നും വിദ്യാഭ്യാസരംഗത്തെ വിവിധ പ്രശ്നങ്ങൾക്കു പരിഹാരം കാണണമെന്നുമായിരുന്നു മറ്റൊരാവശ്യം.

മാർ തോമാശ്ലീഹായുടെ ദുക്റാനത്തിരുനാളായ ജൂലൈ 3 ന് പൊതു അവധി അനുവദിക്കുന്നതിനായി പരിശ്രമിക്കണമെന്നു യോഗാംഗങ്ങൾ ഏകകണ്ഠമായി ആവശ്യപ്പെട്ടു. പ്രവാസികൾക്കായി കൂടുതൽ സജ്ജീകരണങ്ങൾ നടത്തണമെന്നും മൈലാപ്പൂരിൽ തോമാശ്ലീഹായുടെ തിരുശേഷിപ്പ് വണങ്ങി പ്രാർഥിക്കുന്നതിനായി സഭയ്ക്കു സ്വന്തമായ തീർഥാടനകേന്ദ്രം ആരംഭിക്കാൻ സഹകരിക്കണമെന്നും പ്രതിനിധികൾ ആവശ്യപ്പെട്ടു. സുറിയാനി പൈതൃകം പ്രോത്സാഹിപ്പിക്കാൻ സുറിയാനിഭാഷാപഠനവും സംസ്കാരവും സ്വത്വബോധവും വളർത്തുക, വിശ്വാസപരിശീലനബോധനപ്രക്രിയകൾ നവീകരിക്കുക, ജീവിതസാഹചര്യങ്ങളിൽ ഈശോയെ ഏറ്റുപറയാൻ സഭാംഗങ്ങളെ സജ്ജരാക്കുക, മിഷനറി ബോധം ഉണർത്തുക, പ്രേഷിതാഭിമുഖ്യം വർദ്ധിപ്പിക്കുക, അല്മായരും പ്രേഷിതസജ്ജരാകുക തുടങ്ങിയ നിരവധി നിർദേശങ്ങൾ യോഗം മുന്നോട്ടുവച്ചു.

വിശ്വാസികളുടെ സ്വരം കേൾക്കാൻ സഭയും സിനഡും തയ്യാറായ കാഴ്ച പ്രതിനിധികളിൽ വലിയ ആവേശം സമ്മാനിച്ചു. ഫ്രാൻസീസ് മാർപാപ്പാ ആഹ്വാനം ചെയ്ത സിനഡാത്മകജീവിതവും സിനഡാലിറ്റിയുമാണ് അസംബ്ലിയിൽ തെളിഞ്ഞുകണ്ടത്. സഭയുടെ പൈതൃകത്തെയും പാരമ്പര്യത്തെയും കുറിച്ചു പഠിക്കാൻ ചർച്ചകൾ ഏറെ ഉപകരിച്ചു. സുവിശേഷവത്കരണത്തിൽ അല്മായർക്കും വലിയ പങ്കു വഹിക്കാമെന്നും മാമ്മോദീസാ സ്വീകരിച്ച എല്ലാവരും അഭിഷേകം ലഭിച്ചവരാണെന്നും എല്ലാവരും ചേർന്ന് സഭാകൂട്ടായ്മയിൽ ഒരുമയോടും യോജിപ്പോടുംകൂടി മുന്നേറിയാൽ ശോഭനമായ ഒരു ഭാവി കൈവരിക്കാമെന്നും എല്ലാവരും മനസ്സിലാക്കിയ അവസരമായിരുന്നു അസംബ്ലി ദിനങ്ങൾ.



*സീറോമലബാർസഭ മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലിയുടെ സമാപനമസമ്മേളനം ഉദ്ഘാടനം ചെയ്യാനെത്തിയ കെ.സി.ബി.സി. പ്രസിഡന്റും മലങ്കര കത്തോലിക്കാസഭ മേജർ ആർച്ചുബിഷപ്പുമായ കർദിനാൾ മാർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാബാവയെ സീറോമലബാർസഭ മേജർ ആർച്ചുബിഷപ് റാഫേൽ തട്ടിൽ, പാലാ രൂപത ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട് എന്നിവർ ചേർന്ന് വേദിയിലേക്ക് സ്വീകരിച്ചപ്പോൾ.*

അല്മായപ്രേഷിതദൗത്യം ഓരോ വിശ്വാസിയുടെയും കടമയാണെന്ന് അസംബ്ലി പ്രഖ്യാപിച്ചു. സുവിശേഷവത്കരണവും പുനർസുവിശേഷവത്കരണവും നവസുവിശേഷവത്കരണവും പ്രേഷിതപ്രവർത്തനത്തിന്റെ വിവിധ തലങ്ങളാണ്. കല, സാഹിത്യം, രാഷ്ട്രീയം, സിനിമ, മീഡിയ, വിദ്യാഭ്യാസം, ശാസ്ത്രസാങ്കേതികവിദ്യ, പത്രപ്രവർത്തനം തുടങ്ങി സകലമേഖലകളിലും സുവിശേഷമൂല്യങ്ങളിൽ അധിഷ്ഠിതമായ ഒരു നവജീവിതശൈലി സാധ്യമാക്കണം എന്നു ചർച്ചകളിൽ എല്ലാവരും ഊന്നിപ്പറഞ്ഞു.

ലോകമെമ്പാടും വ്യാപിച്ചുകിടക്കുന്ന വ്യക്തിസഭ എന്ന നിലയിൽ വെല്ലുവിളികളെ ധൈര്യപൂർവം നേരിടണമെന്നും ഒരുമയുടെയും സാഹോദര്യത്തിന്റെയും വികാരത്തോടെ ഒരു കുടുംബം എന്ന നിലയിൽ സമുദായം ശക്തിപ്പെടണമെന്നും പ്രതിനിധികൾ ഒറ്റക്കെട്ടായി ആവശ്യപ്പെട്ടു. ജനസംഖ്യാശോഷണം, കൃഷി, തൊഴിൽ സാമ്പത്തികമേഖലകളിലെ തിരിച്ചടികൾ, സാമൂഹികരാഷ്ട്രീയപിന്നാക്കാവസ്ഥ, പൊതുസമൂഹത്തിൽ ക്രിസ്തീയചരിത്രവും സംസ്കാരവും നേരിടുന്ന അവഗണന, ക്രൈസ്തവസംഭാവനകളെ തമസ്കരിക്കുന്ന ഭരണാധികാരികൾ, വോട്ടുബാങ്കുരാഷ്ട്രീയം തുടങ്ങി ക്രൈസ്തവസമൂഹം നേരിടുന്ന ഓരോ പ്രശ്നവും യോഗം ചർച്ച ചെയ്തു പരിഹാരമാർഗങ്ങൾ നിർദേശിച്ചു. കാർഷികവ്യാവസായിക തൊഴിൽമേഖലകളിൽ മുന്നേറാനും ഉദ്യോഗസ്ഥ, രാഷ്ട്രീയമേഖലകളിൽ സമുദായാംഗങ്ങളുടെ പ്രാതിനിധ്യം ഉറപ്പാക്കാനും യോഗം തീരുമാനിച്ചു.

സഭാജീവിതത്തിലും സമൂഹത്തിലും സ്ത്രീകളുടെയും യുവജനങ്ങളുടെയും സജീവമായ പങ്കാളിത്തം ഉറപ്പാക്കണമെന്നും, ഭരണഘടന അനുവദിച്ചു നൽകുന്ന ന്യൂനപക്ഷാവകാശങ്ങൾക്കും ദളിത് ക്രൈസ്തവർ, സഭാംഗങ്ങളായ നാടാർ, കുമ്മാളർ, മറ്റു പിന്നാക്കവിഭാഗങ്ങൾ എന്നിവരുടെ അവകാശങ്ങൾക്കുമുള്ള പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചുനടപ്പിലാക്കണമെന്നും അസംബ്ലി ആവശ്യപ്പെട്ടു. ക്രിസ്ത്യൻ ചരിത്രവും സംഭാവനകളും പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തണമെന്നും സമ്മേളനം സർക്കാരിനോടാവശ്യപ്പെട്ടു.

25-ാം തീയതി നടന്ന സമാപനസമ്മേളനം മലങ്കര കത്തോലിക്കാസഭ മേജർ ആർച്ചുബിഷപ് കർദിനാൾ മാർ ബസേലിയോസ് ക്ലീമീസ് കാതോലിക്കാബാവ ഉദ്ഘാടനം ചെയ്തു. സീറോ മലബാർ സഭയുടെ കരുത്തും മഹത്ത്വവും അംഗങ്ങൾ തിരിച്ചറിയണമെന്നും കൂടുതൽ മേഖലയിലേക്കു പ്രേഷിതപ്രവർത്തനം വ്യാപിപ്പിക്കണമെന്നും അദ്ദേഹം പറഞ്ഞു.

സീറോമലബാർ സഭ മേജർ ആർച്ചുബിഷപ് മാർ റാഫേൽ തട്ടിൽ അധ്യക്ഷത വഹിച്ചു. സഹോദരസഭകളെയും ചേർത്തുപിടിച്ച് ഒന്നിച്ചുമുന്നേറുന്ന ശൈലിയാണ് സീറോമലബാർ സഭയുടേതെന്ന് മാർ റാഫേൽ തട്ടിൽ പറഞ്ഞു. കത്തോലിക്കാസഭയുടെ വിശ്വാസപാരമ്പര്യത്തിലും പൗരാണികതയിലും ഏറെ അഭിമാനിക്കുന്നതായി ആശംസകളർപ്പിച്ച മന്ത്രി റോഷി അഗസ്റ്റിൻ ചൂണ്ടിക്കാട്ടി.

അസംബ്ലി കമ്മിറ്റി കൺവീനർ ബിഷപ് മാർ പോളി കണ്ണൂക്കാടൻ സ്വാഗതവും സഭാവക്താവ് ഡോ. ചാക്കോ കാളാംപറമ്പിൽ നന്ദിയും പറഞ്ഞു. സഭാവക്താവ് അഡ്വ.അജി ജോസഫ് കോയിക്കൽ അസംബ്ലിയുടെ സമാപന പ്രസ്താവന സമ്മേളനത്തിൽ വായിച്ചു. പാലാ ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട്, അസംബ്ലി കമ്മിറ്റി സെക്രട്ടറി റവ. ഡോ. ജോജി കല്ലിങ്കൽ, പാലാ രൂപത മുഖ്യവികാരി ജനറാൾ റവ. ഡോ. ജോസഫ് തടത്തിൽ, എം.പി.മാരായ ജോസ് കെ. മാണി, കെ. ഫ്രാൻസിസ് ജോർജ്, ആന്റോ ആന്റണി, ഡീൻ കുര്യാക്കോസ്, ജോൺ ബ്രിട്ടാസ്, എം.എൽ.എ. മാരായ പി.ജെ. ജോസഫ്, മാണി സി. കാപ്പൻ, സണ്ണി ജോസഫ്, മോൻസ് ജോസഫ്, ജോബ് മൈക്കിൾ, സെബാസ്റ്റ്യൻ കുളത്തിങ്കൽ, റോജി എം. ജോൺ, ആന്റണി ജോൺ, സജീവ് ജോസഫ്, സേവ്യർ ചിറ്റിലപ്പള്ളി, മുൻ എം.എൽ.എ. പി.സി. ജോർജ് തുടങ്ങിയവർ പങ്കെടുത്തു. പാലാ സമ്മാനിച്ച ഹൃദ്യമായ ആതിഥേയത്വത്തിനും അസംബ്ലിയുടെ സുഗമമായ നടത്തിപ്പിനും പാലാ ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ടിനും സഹപ്രവർത്തകർക്കും സമ്മേളനം നന്ദി രേഖപ്പെടുത്തി.

സഹോദരസഭകളായ സീറോ മലങ്കര, ലത്തീൻ, ഓർത്തഡോക്സ്, യാക്കോബായസഭകളുടെ പ്രതിനിധികളായ മെത്രാന്മാർ സമ്മേളനത്തെ അഭിസംബോധന ചെയ്തു പ്രസംഗിച്ചത് സഭകൾ തമ്മിലുള്ള ഐക്യവും സാഹോദര്യവും ഊട്ടിയുറപ്പിക്കുന്നതായിരുന്നു. ലോകത്തിന്റെ വിവിധ ഭാഗങ്ങളിലും സംസ്കാരങ്ങളിലും ഭാഷകളിലും വളർന്നുകൊണ്ടിരിക്കുന്ന സീറോ മലബാർ സഭാംഗങ്ങളെ പരസ്പരം ബന്ധിപ്പിക്കുന്ന കണ്ണിയായി തങ്ങളുടെ പൗരസ്ത്യസുറിയാനി പാരമ്പര്യവും ഭാഷാപൈതൃകവും പുനരുജ്ജീവിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാനും അസംബ്ലി ആവശ്യപ്പെട്ടു. സമുദായസംഘടനയായ കത്തോലിക്കാകോൺഗ്രസിനെയും സമുദായപത്രമായ ദീപികയെയും വളർത്തി സംരക്ഷിക്കണമെന്നും അസംബ്ലി ആഹ്വാനം ചെയ്തു. സീറോ മലബാർ സഭാചരിത്രത്തിൽ നവീകരണത്തിന് ആഹ്വാനം ചെയ്തു സമാപിച്ച അഞ്ചാമത് മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലിയുടെ സംഘാടകത്വത്തിനും ആതിഥേയത്വത്തിനും പാലാ രൂപതയ്ക്ക് എന്നും അഭിമാനിക്കാം.

■

ദീപനാളം
കലാ സാംസ്കാരിക ദേശീയ വാരിക

ചീഫ് എഡിറ്റർ &
മാനേജിങ് ഡയറക്ടർ : ഫാ. കുര്യൻ തടത്തിൽ
അസി. മാനേജർ : ഫാ. മാത്യു തെന്നാട്ടിൽ



അവിടുത്തെ പ്രവൃത്തികൾ വിശ്വസ്തവും നീതിയുക്തവുമാണ്.

സങ്കീർത്തനങ്ങൾ 111:7

**എഡിറ്റോറിയൽ**

# ഓൺലൈൻചതികളിൽ മലയാളി മയങ്ങുന്നുവോ?

**ഓ**ൺലൈൻചതിക്കുഴികൾ മലയാളിയെ വേട്ടയാടുന്ന കാലമാണിത്. വല വിരിച്ചു കാത്തിരിക്കുന്ന സൈബർ തട്ടിപ്പുസംഘങ്ങളുടെ ഇരകളാകാൻ വിധിക്കപ്പെടുന്നതാകട്ടെ, വിദ്യാസമ്പന്നരും പ്രഫഷണലുകളുമാണെന്നതാണ് ഏറെ കൗതുകവും ആകാംക്ഷയുമുണർത്തുന്നത്.

ഇക്കൊല്ലം ഇതുവരെ മാത്രം രാജ്യത്ത് 7000 കോടി രൂപയെങ്കിലും ഓൺലൈൻ തട്ടിപ്പുകാർ കൊണ്ടുപോയെന്നത് അമ്പരപ്പോടെമാത്രമേ കേൾക്കാനാവൂ. കേന്ദ്രസർക്കാർ പുറത്തുവിട്ട കണക്കനുസരിച്ച്, ഇക്കഴിഞ്ഞ മാർച്ച് 31 വരെയുള്ള മൂന്നു മാസംമാത്രം 4500 കോടി രൂപ തട്ടിപ്പിലൂടെ നഷ്ടമായി. ഇക്കൊല്ലം ഇതുവരെ 140 കോടി രൂപ മലയാളികളിൽനിന്നു തട്ടിപ്പുകാർ കവർന്നെടുത്തിരിക്കുന്നു. പ്രതിമാസം 15 കോടി രൂപയെങ്കിലും കേരളത്തിൽനിന്ന് ഓൺലൈൻ തട്ടിപ്പിലൂടെ നഷ്ടപ്പെടുന്നുണ്ടെന്നാണ് സൈബർ ഉദ്യോഗസ്ഥർ പറയുന്നത്.

കേരളത്തിലെ മധ്യവയസ്കരെയും ഔദ്യോഗികജോലികളിൽനിന്നു വിരമിച്ച് വിശ്രമജീവിതം നയിക്കുന്നവരെയും ലക്ഷ്യമിട്ടാണ് സൈബർതട്ടിപ്പുകാർ ഏറെയും വല വിരിക്കുന്നതെന്ന് വാർത്തകൾ പരിശോധിച്ചാൽ മനസ്സിലാക്കാം. ഒരായുഷ്കാലം മുഴുവൻ ജോലിചെയ്തുണ്ടാക്കിയ സമ്പാദ്യം ഒരു നിമിഷനേരത്തെ 'വെളിവുകേട്' നിമിത്തം നഷ്ടപ്പെടുന്ന ദുരവസ്ഥ അതിസങ്കീർണമാണ്. ഓൺലൈൻ ട്രേഡിങ്, നിക്ഷേപപദ്ധതികൾ എന്നിവയുടെ മറവിലാണ് ഏറ്റവും കൂടുതൽ തട്ടിപ്പു നടക്കുന്നത്. പതിനായിരം രൂപ വരെ വായ്പ നല്കുന്ന ഓൺലൈൻ ലോൺ ആപ്പുകൾ താഴ്ന്ന വരുമാനക്കാരെ ആകർഷിക്കുന്നതും സ്വാഭാവികം. ഇവ ഇൻസ്റ്റാൾ ചെയ്യുമ്പോൾത്തന്നെ ഉപഭോക്താവിന്റെ ഫോണിലുള്ള സകല വിവരങ്ങളും തട്ടിപ്പുകാരുടെ കസ്റ്റഡിയിലാകും. എടുത്ത ലോൺ അടച്ചുതീർത്താലും വീണ്ടും വീണ്ടും പണം ആവശ്യപ്പെടുകയും കൊടുത്തില്ലെങ്കിൽ ഫോൺവിവരങ്ങളുടെ മറവിൽ ഭീഷണി മുഴക്കുകയും ചെയ്തു കുരുക്കിലാക്കുകയാണു പതിവ്.

'വെർച്വൽ അറസ്റ്റ്' എന്ന പേരിലുള്ള തട്ടിപ്പാണ് ഇപ്പോൾ കേരളത്തിലങ്ങോളമിങ്ങോളം വ്യാപകമായി അരങ്ങേറുന്നത്. വെർച്വൽ അറസ്റ്റിലായെന്നു ഭീഷണിപ്പെടുത്തി ഒറ്റപ്പാലത്തുനിന്ന് ഈയിടെ നാല്പതു ലക്ഷത്തോളം രൂപയാണു തട്ടിയെടുത്തത്. രണ്ടു ഡോക്ടർമാരും വ്യവസായിയുമാണ് തട്ടിപ്പിനിരയായത്. യാക്കോബായസഭ നിരണം ഭദ്രാസനം മുൻ അധ്യക്ഷൻ ഗീവർഗീസ് മാർ കൂറിലോസിൽനിന്നു സമാനമായ രീതിയിൽ 15 ലക്ഷം രൂപ തട്ടിയെടുത്തത് ഈയിടെയാണ്. തിരുവനന്തപുരം കാലടി സ്വദേശിയായ ബിസിനസുകാരനും ഭാര്യയും ഇതേ രീതിയിൽ തട്ടിപ്പുവലയിലകപ്പെട്ടു. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലായി ഒട്ടേറെപ്പേർ ഇത്തരം തട്ടിപ്പിനു വിധേയരാകുന്നുണ്ടെന്നാണ് ഔദ്യോഗികവൃത്തങ്ങൾ സ്ഥിരീകരിക്കുന്നത്. ചിലർ തലനാരിഴയ്ക്കു പണം നഷ്ടപ്പെടുത്താതെ രക്ഷപ്പെടുന്നുണ്ടെന്നുമാത്രം. മറ്റുചിലരാകട്ടെ അപമാനഭയം നിമിത്തം പുറത്തുപറയുന്നുമില്ല.

ഓൺലൈൻ സാമ്പത്തികത്തട്ടിപ്പിൽപ്പെടുന്നവർക്ക് നഷ്ടപ്പെട്ട തുക പൂർണമായും തിരിച്ചുനൽകാമെന്ന് ഓൾ ഇന്ത്യാ ലീഗൽ സർവീസസ് അതോറിട്ടിയുടെ പേരിൽ വരുന്ന സന്ദേശമാണ് ഈ നിലയിലുള്ള ഒടുവിലത്തെ തട്ടിപ്പുചൂണ്ട. ഓൺലൈൻ തട്ടിപ്പിനിരയായവർക്ക് ഔദ്യോഗിക കേന്ദ്രത്തിൽനിന്ന് ആശ്വാസപദ്ധതിയായി വാഗ്ദാനം ചെയ്തു വിളിക്കുന്ന വാട്സാപ്പ് കോളിൽനിന്നാണ് തട്ടിപ്പിന്റെ തുടക്കം. പിന്നീട് രജിസ്ട്രേഷനായി പണം ആവശ്യപ്പെടുന്നു. ഓൺലൈൻവഴി നഷ്ടപ്പെട്ട പണം മുഴുവൻ 48 മണിക്കൂറിനുള്ളിൽ തിരികെ ലഭിക്കുമെന്നും രജിസ്ട്രേഷൻ തുക അതോടൊപ്പം മടക്കി നല്കുമെന്നും പറഞ്ഞു വിശ്വസിപ്പിക്കുകയാണു തട്ടിപ്പുരീതി. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ഇത്തരം സഹായവാഗ്ദാനങ്ങളിലൂടെ തട്ടിപ്പിനിരയായവരെ വീണ്ടും വളഞ്ഞിട്ടാക്രമിക്കാൻ പദ്ധതിയിടുന്ന സൈബർ ക്രിമിനൽസംഘങ്ങളെക്കുറിച്ച് പൊലീസ് ജാഗ്രതാനിർദേശം നല്കിയിരിക്കുകയാണ്.

അതേ, കേരളം ഒരു ചതിവലയിലകപ്പെട്ടുനില്ക്കുകയാണ്. പൊലീസിന്റെയും മറ്റു സർക്കാർസംവിധാനങ്ങളുടെയും ഭാഗത്തുനിന്നുള്ള ബോധവത്കരണവും ജാഗ്രതാനിർദേശങ്ങളും ഊർജിതപ്പെടുത്തുകയാണ് പ്രഥമവും പ്രധാനവുമായ കാര്യം. ഓൺലൈൻ സാമ്പത്തികത്തട്ടിപ്പിനിരയായാൽ എത്രയുംവേഗം 1930 എന്ന നമ്പറിൽ പൊലീസിനെ വിവരമറിയിക്കുക. തട്ടിപ്പു നടന്ന ഒരു മണിക്കൂറിനുള്ളിൽത്തന്നെ വിവരമറിയിച്ചാൽ പണം തിരിച്ചുപിടിക്കാനുള്ള സാധ്യത കൂടുതലാണെന്നാണ് സംസ്ഥാന പൊലീസ് മേധാവി അറിയിച്ചിരിക്കുന്നത്. സൈബർവലകളെറിഞ്ഞു നമ്മെ കുരുക്കാൻ കാത്തിരിക്കുന്നവരിൽനിന്നു നമുക്കു രക്ഷപ്പെട്ടേ പറ്റൂ. ജാഗ്രതൈ! ■



## പ്രതികരണം

### ഉരുൾപൊട്ടൽ ഉണ്ടാകുന്നത്

പ്രളയവും ഉരുൾപൊട്ടലും നമ്മുടെ നാടിനു പരിചിതമായിക്കഴിഞ്ഞു. താങ്ങാവുന്നതിനപ്പുറമാണ് ഉണ്ടായതൊക്കെയും. എങ്കിലും നമ്മുടെ കൂട്ടായ്മയും ഇച്ഛാശക്തിയും എല്ലാറ്റിനെയും അതിജീവിക്കുന്നത് ലോകം സാകൂതം വീക്ഷിക്കുന്നു.

പ്രകൃതിദുരന്തങ്ങൾക്കെല്ലാം അടിസ്ഥാനകാരണം, മനുഷ്യന്റെ അതിരുകടന്ന പ്രകൃതിചൂഷണമാണെന്ന വാദമാണ് ഇന്നു മുമ്പന്തിയിൽ നില്ക്കുന്നത്. അതിൽ എന്തുമാത്രം വാസ്തവമുണ്ട്? തീർച്ചയായും പാറഖനനം നന്നല്ല. അതിന്റെ പ്രത്യാഘാതങ്ങൾ ഊഹിക്കാവുന്നതേയുള്ളൂ. പക്ഷേ, കുടിയേറ്റക്കർഷകൻ മണ്ണുമാന്തിയതുകൊണ്ടാണ് ഈ ദുരന്തമെല്ലാം സംഭവിക്കുന്നതെന്ന മട്ടിൽ ചിലർ ചാനലുകളിലും മറ്റുമിരുന്ന് പലരും സംസാരിക്കുന്നുണ്ട്. അതു ശരിയല്ല. കർഷകൻ എവിടെയൊക്കെ കുടിയേറിയിട്ടുണ്ടോ അവിടെയൊക്കെ പ്രകൃതിയോടിണങ്ങിയ ജീവിതമാണ് അവൻ നയിച്ചിട്ടുള്ളത്. ഒരിടവും അവൻ തരിശാക്കിയിട്ടില്ല. എന്നു പറഞ്ഞാൽ വനഭൂമിയുടെ ഹരിതഭംഗിക്കിണങ്ങിയ ഒരു പരിസ്ഥിതി അവൻ എന്നും നിലനിർത്തിയിട്ടുണ്ട്.

ഇതോടൊപ്പം മറ്റൊരു കാര്യവും നാം മനസ്സിലാക്കേണ്ടതുണ്ട്. ചരിത്രത്തിന്റെ ഭൂതകാലം പരതിയാൽ വലിയ ജലപ്രളയങ്ങളും പ്രകൃതിദുരന്തങ്ങളും ലോകത്തിന്റെ വിവിധയിടങ്ങളിൽ വിവിധ കാലങ്ങളിൽ ഉണ്ടായിട്ടുള്ളതായി കാണാൻ കഴിയും. എന്തിനു പറയുന്നു, മലബാർ കുടിയേറ്റത്തിന്റെ ആദ്യനാളുകളിൽ, മധ്യതിരുവിതാംകൂറിൽനിന്ന് അവിടെയെത്തിയ ചേട്ടന്മാർ എത്രയോ വൻ ഉരുൾപൊട്ടലുകളും മലയിടിച്ചിലും നേരിട്ടനുഭവിച്ചിരിക്കുന്നു! എത്രയോ പേർ ആ മലവെള്ളപ്പാച്ചിലിൽ മരണപ്പെട്ടിരിക്കുന്നു! ഒക്കെയും അവരവിടെ വീടുകെട്ടുന്നതിനും കൃഷി ചെയ്തു തുടങ്ങുന്നതിനും മുമ്പാണെന്നു നാമോർക്കണം.

ചുരുക്കിപ്പറഞ്ഞാൽ ഉരുൾപൊട്ടലുകളെ ഒരു പ്രകൃതിപ്രതിഭാസമായി കാണുകയാണുചിതം.

**തോമസ് ജോസഫ്**
**കട്ടപ്പന**

### ആഹ്ലാദകരമായ കണ്ടുമുട്ടൽ

വർഷങ്ങൾക്കുമുമ്പ് നാട്ടിലായിരുന്നപ്പോൾ ദീപനാളം വാരിക പതിവായി കണ്ടിരുന്നെങ്കിലും, ജീവിതം ഗൾഫുനാടുകളിലേക്കു പറിച്ചുനട്ടതോടെ നിർഭാഗ്യവശാൽ ആ ബന്ധം മുറിഞ്ഞുപോയി.

നീണ്ട പ്രവാസജീവിതത്തിനുശേഷം ഈയിടെ നാട്ടിലെത്തിയപ്പോൾ വാരിക വീണ്ടും കാണാനിടയായി. ആകൃതിക്കു മാറ്റമില്ലെങ്കിലും പ്രകൃതിയാകെ മാറിയിരിക്കുന്നു! കാലികപ്രസക്തവും ചിന്തോദ്ദീപകവുമായ ലേഖനങ്ങളും കഥകളും കവിതകളും നോവലുകളും കൊണ്ടു സമ്പന്നം. യുവതലമുറയുടെ പ്രിയപ്പെട്ട വിഷയങ്ങൾ - സിനിമയും സ്പോർട്സും - ഇപ്പോഴും തുടരുന്നുവെന്നു കണ്ടതിൽ അനല്പമായ ആഹ്ലാദം തോന്നി. മികച്ച പ്രിന്റിംഗും ലേഔട്ടും. ദീപനാളത്തിന്റെ അണിയറപ്രവർത്തകർക്ക് അഭിനന്ദനങ്ങൾ!

**സെബി കുര്യൻ**
**ചങ്ങനാശേരി**

### ചതിക്കുഴികൾ തിരിച്ചറിയണം

സിനിമാരംഗത്തെ ചതിക്കുഴികളെക്കുറിച്ച് ഒരു ഏകദേശധാരണ പൊതുജനത്തിനു മുമ്പേ ഉണ്ടായിരുന്നുവെങ്കിലും, ഹേമാകമ്മീഷൻ റിപ്പോർട്ടിലൂടെ അതിന്റെ വിശ്വരൂപം പുറത്തുവന്നിരിക്കുകയാണ്. വെട്ടിമാറ്റിയതും ഒളിച്ചുവച്ചതുമായ കനപ്പെട്ട രേഖകളും ഡിജിറ്റൽതെളിവുകളും ഹേമാകമ്മീഷൻ റിപ്പോർട്ടിൽ ഇനിയും അവശേഷിക്കുന്നുണ്ടെന്നറിയുമ്പോഴാണ് നാം വീണ്ടും ഞെട്ടുന്നത്.

നമുക്കറിയാം, ഏതു രംഗമെടുത്താലും അതിന്റെ പിന്നാമ്പുറം അത്ര വൃത്തിയുള്ളതല്ല. വീടായാലും ചായക്കടയാലും മുൻവശത്തെ അഴക് പിറകിൽ കാണില്ല. അപവാദങ്ങളില്ലെന്നല്ല. എങ്കിലും പൊതുവെ കാണപ്പെടുന്ന സത്യമിതാണ്. രാഷ്ട്രീയനേതാക്കന്മാരുടെ സ്ത്രീപീഡനകഥകൾ പിറകോട്ടു പരതിയിൽ എണ്ണമറ്റതാണ്. കായികരംഗം മോശമാണോ? വനിതാഗുസ്തിതാരങ്ങൾ ഈയടുത്തനാളിൽ നടത്തിയ വെളിപ്പെടുത്തലുകളും സമരങ്ങളും മറക്കാൻ കാലമായിട്ടില്ല. പ്രതിയെ ചൂണ്ടിക്കാണിച്ചിട്ടും അവർക്കു നീതി മേടിച്ചുകൊടുക്കാൻ കേന്ദ്രഭരണാധികാരികൾക്കു കഴിഞ്ഞില്ല. രാജ്യത്ത് ഓരോ മിനിറ്റിലും നടത്തുന്ന ബലാത്സംഗങ്ങൾക്കും അതിക്രമങ്ങൾക്കും ആത്മഹത്യകൾക്കുമൊക്കെ കണക്കെടുത്തു സൂക്ഷിക്കുന്നവരാണ് ഈ ഭരണകർത്താക്കളെന്നു നാമോർക്കണം.

**ജോസ് പി. ജെ.**
**പുൽപ്പള്ളി**

### മനുഷ്യജീവൻ

ദീപനാളം ഓഗസ്റ്റ് 22 ലക്കത്തിൽ ഫാ. ജോർജ് മുളങ്ങാട്ടിൽ രചിച്ച ലേഖനം (യഥാർഥമനുഷ്യൻ ഹൃദയത്തിലാണു ജനിക്കുന്നത്) ഈ കാലത്തിന്റെ മക്കൾ ശ്രദ്ധാപൂർവം വായിക്കേണ്ട ഒന്നായിത്തോന്നി.

ജന്തുലോകത്തിൽനിന്നും സസ്യലോകത്തിൽനിന്നും തികച്ചും വ്യത്യസ്തമാണ് മനുഷ്യലോകമെന്നും, മനുഷ്യജീവന്റെ വിത്തിന്റെ ഒരുക്കം ഓരോരുത്തരുടെയും ഹൃദയത്തിലാണെന്നുമുള്ള അച്ചന്റെ നിരീക്ഷണം ആധുനികമനഃശാസ്ത്രകാഴ്ചപ്പാടിൽ തികച്ചും ശരിയെന്നു തെളിഞ്ഞിരിക്കുകയാണ്. ഒരു കുഞ്ഞിന്റെ സ്വഭാവരൂപീകരണത്തിൽ മാതാപിതാക്കളുടെ മനോവിചാരങ്ങൾ വലിയ പങ്കുവഹിക്കുന്നുവെന്ന് ശാസ്ത്രലോകം ഇന്നു സമ്മതിച്ചുകഴിഞ്ഞു.

ആധുനികദമ്പതികൾ ഏറെ കരുതലോടെ മനസ്സിലാക്കിയിരിക്കേണ്ട ഒരു സുപ്രധാനവിഷയമാണിത്.

**കൊച്ചുറാണി ജോസഫ്**
**കുടക്കച്ചിറ**




# വാഴകളുടെ കഥ



വീയെൻ

**പേ**രന്റിങ് എല്ലാക്കാലത്തും വളരെ സങ്കീർണമായ പ്രക്രിയയായിരുന്നു. അതിൽ സംഭവിക്കുന്ന താളപ്പിഴകളും അസ്വാരസ്യങ്ങളുമാണ് പല കുടുംബങ്ങളിലെയും അസ്വസ്ഥതകൾക്കു കാരണമെന്നു പറയാം. കാരണം, മക്കൾക്കു മാതാപിതാക്കളെ മനസ്സിലാകുന്നില്ല; മാതാപിതാക്കൾക്കു മക്കളെ മനസ്സിലാകുന്നില്ല. അതുമല്ലെങ്കിൽ ഇരുവരുടെയും വിചാരതരംഗങ്ങൾ ഒരേ ദൈർഘ്യത്തിൽ സഞ്ചരിക്കുന്നവയല്ല. ഇത് ഉരസലും കിരുകിരുപ്പും സൃഷ്ടിക്കുന്നു.

ഇതെന്തുകൊണ്ടു സംഭവിക്കുന്നുവെന്നു ചോദിച്ചാൽ തങ്ങളുടെ സ്വപ്നങ്ങളുടെ തുടർച്ച നിർവഹിക്കാനാണ് മാതാപിതാക്കൾ മക്കളിൽനിന്ന് ആവശ്യപ്പെടുന്നത്. മാതാപിതാക്കളുടെ എക്സ്റ്റൻഷനുകളാണു മക്കൾ. തങ്ങൾ ബാക്കിവച്ചതോ തങ്ങൾക്കു നഷ്ടമായതോ പൂർത്തീകരിക്കാൻ അവർ മക്കളെ ഒരു കാരണമായി മാറ്റുന്നു. തങ്ങളുടെ അധ്വാനവും കഷ്ടപ്പാടുകളുമെല്ലാം മക്കൾക്കുവേണ്ടിയാണെന്നത് ഓരോ മാതാപിതാക്കളെയും ത്യാഗികളും കുടുംബസ്നേഹികളുമാക്കുന്നു. എന്നാൽ, ഇതൊക്കെ മക്കൾക്കു മനസ്സിലാവുന്നുണ്ടോ? പലപ്പോഴും ഇല്ല. തങ്ങളുടെ പ്രായത്തിന്റെ പക്വതയില്ലായ്മകൊണ്ടോ അല്ലെങ്കിൽ മറ്റേതെങ്കിലും ലക്ഷ്യങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതുകൊണ്ടോ ഉത്തരവാദിത്വബോധം ഉണ്ടാവാത്തതുകൊണ്ടോ അവരുടെ ലോകം മറ്റൊന്നാണ്. കൂട്ടുകാരും പ്രണയവും മദ്യപാനവും പുകവലിയുമൊക്കെയുള്ള ഒരു ലോകം. ഇങ്ങനെയൊരു സാഹചര്യത്തിലാണ് മക്കളെ നോക്കി നിനക്കുപകരം ഒരു വാഴ വച്ചാൽ മതിയായിരുന്നുവെന്ന് ചില മാതാപിതാക്കൾ പരിതപിക്കുന്നതും അതേരീതിയിൽ സമൂഹം ആ മക്കളെ നോക്കി പരിഹസിക്കുന്നതും.

ഇങ്ങനെ വാഴകളായി കണക്കാക്കപ്പെടുന്ന നാലഞ്ചു ചെറുപ്പക്കാരുടെ ജീവിതം പറയുന്ന കഥയാണ് സമീപകാലത്തിറങ്ങിയ വാഴ എന്ന മലയാളസിനിമ. നമ്മുടെ സമൂഹത്തിന്റെ പരിച്ഛേദം എന്ന നിലയിലാണ് ഈ സിനിമയ്ക്ക് അത്തരമൊരു ശീർഷകം നല്കിയിരിക്കുന്നത്. കാരണം, ബില്യൻ കണക്കിനു ചെറുപ്പക്കാരുടെ ജീവിതകഥയാണ് ഈ സിനിമയെന്നാണ് ടാഗ്‌ലൈനും. അതു ശരിയുമായിരിക്കണം. ചുറ്റുപാടുകളിൽ സമാനമായ രീതിയിൽ ജീവിതം നയിക്കുന്ന അനേകം ചെറുപ്പക്കാരുണ്ടല്ലോ? അത്തരം വാഴകളെപ്രതി വിഷമിക്കുന്ന മാതാപിതാക്കളും.

യൂത്തിന്റെ ആഘോഷമെന്നു വാഴ്ത്തപ്പെടുന്ന ഏതാനും ചില സിനിമകൾ സമീപകാലത്തു പുറത്തിറങ്ങിയിരുന്നുവല്ലോ, പ്രേമലുവും ആവേശവുംപോലെയുള്ള സിനിമകൾ. എന്നാൽ, അവയിൽനിന്നു വാഴയെ വ്യത്യസ്തമാക്കുന്നത് വാഴ പുലർത്തുന്ന ജീവിതസമീപനവും ദർശനവുമാണ്. വാഴ ഉത്തരവാദിത്വബോധമില്ലാത്ത ഒരുകൂട്ടം ചെറുപ്പക്കാരുടെ കയ്യാങ്കളിയല്ല, അവരുടെ മാതാപിതാക്കളെക്കൂടി ചേർത്തുകൊണ്ടുള്ള കുടുംബകഥയാണ്. അങ്ങനെയാണ് മറ്റു രണ്ടു സിനിമകളിൽനിന്നു വാഴ ഉയർന്നുനില്ക്കുന്നത്. പുതിയ കാലത്തിലെ യുവതയെ അടയാളപ്പെടുത്തുമ്പോഴും ഏതു തലമുറയിലും മാതാപിതാക്കൾ ഏറെക്കുറെ സമാനചിന്താഗതിക്കാർതന്നെയാണെന്നു വാഴ പറയാതെപറയുന്നുണ്ട്. മാതാപിതാക്കളുടെ ആഗ്രഹത്തിൽനിന്നു വിഭിന്നമായി ജീവിക്കുന്ന മക്കളും മാതാപിതാക്കളുടെ ആഗ്രഹം അങ്ങനെയായിരിക്കുമല്ലോയെന്നു വിചാരിച്ച് അതേപോലെയാകാൻ ശ്രമിക്കുന്നവരും. ഈ രണ്ടുതരത്തിലുമുള്ള മക്കളുടെയും അവരുടെ മാതാപിതാക്കളുടെയും ആത്മസംഘർഷങ്ങളുടെയും നിസ്സഹായതകളുടെയും സ്നേഹത്തിന്റെയും മിന്നലാട്ടങ്ങളാണ് വാഴ. മക്കളെ തങ്ങളുടെ ഇഷ്ടത്തിനനുസരിച്ചു വളരാൻ നിർബന്ധിക്കുന്ന അച്ഛന്മാരുടെയിടയിൽ നീ നിന്റെ സ്വന്തം ഇഷ്ടപ്രകാരമാണു ജീവിക്കേണ്ടതെന്നു വെളിപ്പെടുത്തുന്ന ഒരു മകളുടെ അച്ഛനും മകനെ കൃത്യമായി മനസ്സിലാക്കാനും ഉൾക്കൊള്ളാനും അവനുവേണ്ടി ശബ്ദിക്കാനും തയ്യാറാവുന്ന ചിലയച്ഛന്മാരുംമാത്രമാണ് ഇവിടെ വ്യത്യസ്തരാകുന്നത്.

സ്റ്റേറ്റ് സിലബസും സിബിഎസ്ഇയും തമ്മിലുള്ള പരിഹാസച്ചുവ സമീപകാലത്തെ പല സിനിമകളിലും കടന്നുവരുന്നുണ്ട്. പ്രേമലുവിലെ ആ പ്രശസ്തമായ ഡയലോഗുണ്ടല്ലോ എടാ സിബിഎസ് ഈ, ഞങ്ങൾ സ്റ്റേറ്റ് സിലബസാടാ എന്ന മട്ടിലുള്ളത്. സിബിഎസ്ഇക്കാരെല്ലാം അമൂൽബേബികളാണെന്ന സൂചനയും അതിലുണ്ട്. യാഥാർഥ്യവുമായി യാതൊരു ബന്ധവുമില്ലാതെ ജീവിക്കുന്നവരും പുസ്തകപ്പുഴുക്കളുമായവർ. പഠിപ്പി എന്നാണല്ലോ അവരുടെ ചുരുക്കപ്പേര്. ഈ പഠിപ്പികൾക്ക്, പഠിക്കാനല്ലാതെ ജീവിക്കാൻ അറിയില്ലെന്ന ധാരണ വാഴയും ആവർത്തിക്കുന്നുണ്ട്. ചെറിയ ക്ലാസുമുതൽ പ്രേമിച്ചു തുടങ്ങി വിവാഹിതരായി കൈക്കുഞ്ഞുമായിക്കഴിയുമ്പോൾ ഒത്തുപോകാൻ കഴിയില്ലെന്നു മനസ്സിലാക്കി വേർപിരിയാൻ തയ്യാറെടുക്കുന്ന ദമ്പതികൾ ഇക്കാര്യമാണു പറയുന്നത്. വാഴകളല്ലെന്നു സ്വന്തം സമൂഹത്തിൽ ബോധ്യപ്പെടുത്തിത്തന്നവർ. കാരണം, ഇരുവരും വിദേശത്ത് നല്ല രീതിയിൽ ജോലിചെയ്തു പണം സമ്പാദിക്കുന്നവരാണ്. പക്ഷേ, അവർ തങ്ങളുടെ ജീവിതം ജീവിക്കുന്നതിൽ പരാജയപ്പെട്ടുപോകുന്നു. ഈ പരാജയപ്പെടലിന്റെ കാരണം തങ്ങൾതന്നെയാണെന്നാണ് അതിൽ ചെറുപ്പക്കാരന്റെ അച്ഛൻ സ്വയം കുറ്റമേറ്റെടുക്കുന്നത്. കാരണം, തങ്ങളുടെ ജോലിത്തിരക്കിനിടയിൽ മകന്റെ വിദ്യാഭ്യാസത്തിന്റെ പേരുപറഞ്ഞ് അവനെ ബന്ധുവീടുകളിൽ നിർത്തിയാണു പഠിപ്പിച്ചത്. അവനെ സ്നേഹിക്കുന്നതിനും അവനിൽനിന്നു സ്നേഹം നേടുന്നതിനും പകരം അവന്റെ പഠനത്തിലും കരിയറിലുംമാത്രമാണ് ശ്രദ്ധ പതിപ്പിച്ചിരുന്നത്. തന്മൂലം, ബന്ധങ്ങളുടെ വിലയും മൂല്യവും അവൻ മനസ്സിലാക്കാതെപോയി.

മകന്റെ ദാമ്പത്യത്തകർച്ചയ്ക്കു കാരണം തങ്ങളുടെതന്നെ പിഴവുകളാണെന്നു മനസ്സിലാക്കുന്ന അച്ഛന്റെ ഏറ്റുപറച്ചിൽ, മക്കളെ കുറ്റപ്പെടുത്തുന്നതിന് അവർ അത്രയധികം കുറ്റക്കാരായി ചിലപ്പോഴെങ്കിലും മാറുന്നില്ല എന്ന സത്യത്തിലേക്കാണു പ്രേക്ഷകരെ കൊണ്ടുചെന്നെത്തിക്കുന്നത്. ഒരു വാണിജ്യസിനിമയായിരുന്നിട്ടുകൂടി കഥ പറയാനും അവതരിപ്പിക്കാനും കഴിവുള്ളവന്റെ കൈയിൽ കഥ കിട്ടിക്കഴിയുമ്പോൾ അതൊരു സുവിശേഷപ്രഘോഷണമായിത്തന്നെ മാറുകയാണെന്നാണ് വാഴ പറയുന്നത്. അത്തരമൊരു ചുറ്റുപാടിലാണ് ചെറുപ്പക്കാർമാത്രമല്ല മാതാപിതാക്കളും കണ്ടിരിക്കേണ്ട ഒരു സിനിമയായി വാഴ മാറുന്നത്.




മക്കളെ സ്നേഹിക്കുന്നു, അവരുടെ വളർച്ച ആഗ്രഹിക്കുന്നുവെന്നെല്ലാം അവകാശപ്പെടുന്ന മാതാപിതാക്കളുടെ ജീവിതത്തിലെ എത്രയെത്ര അവസരങ്ങളിലാണ് തന്നെപ്രതി തന്റെ മാതാപിതാക്കൾ മറ്റുള്ളവരുടെ മുമ്പിൽ തലകുനിച്ചും പരിഹാസപാത്രമായും നില്ക്കേണ്ടിവന്നിരിക്കുന്നതെന്നു മക്കൾ തിരിച്ചറിയുമ്പോഴും അച്ഛനമ്മമാരുടെ ഓരോ സ്നേഹത്തിനു പിന്നിലും അവരുടെ സ്നേഹം തന്നെയായിരുന്നുവെന്നു കണ്ടെത്തുമ്പോഴും തനിക്കു ജോലികിട്ടാൻവേണ്ടി മരിക്കാൻവരെ അച്ഛൻ തയ്യാറാണെന്നു മനസ്സിലാക്കുമ്പോഴും ശാസിക്കാനും കുറ്റപ്പെടുത്താനുമല്ലാതെ മകനെ തനിക്കൊപ്പം ചേർത്തുപിടിക്കാൻ അച്ഛൻ സന്നദ്ധനാകുമ്പോഴും വർഷങ്ങൾക്കുശേഷം അച്ഛനെ കെട്ടിപ്പിടിക്കാൻ മകൻ തയ്യാറാകുമ്പോഴുമെല്ലാം പ്രേക്ഷകനു കണ്ണുനിറയാതിരിക്കാനാവില്ല.

ഇന്നലെവരെ യൂത്ത് ആ ചിത്രം തങ്ങളുടെ ആണാഘോഷമായി കൊണ്ടാടിയെങ്കിൽ ഇന്നുമുതൽ അത് കുടുംബങ്ങൾക്കുകൂടി കാണാനുള്ള സിനിമയായി മാറിയിരിക്കുന്നു.

അനുബന്ധം: വാഴയുടെ ഫലപ്രാപ്തിയുടെ കാലയളവും ഒരു കുഞ്ഞ് ഗർഭത്തിൽ ഉരുവായി പിറക്കുന്നതിനെടുക്കുന്ന കാലയളവും ഒന്നുതന്നെയാണെന്ന ഓർമപ്പെടുത്തലും വാഴ സിനിമ നല്കുന്നുണ്ട്. ഒരു വാഴത്തൈയ്ക്കു കുലയെത്തുന്നതുവരെ എന്തുമാത്രം പരിചരണമാണ് ആവശ്യമായി വരുന്നതെന്ന് അത്തരം കൃഷിയുമായി ബന്ധപ്പെട്ടവർക്കു നന്നായി അറിയാം. അങ്ങനെ വളർത്തിക്കൊണ്ടുവന്നിട്ടും വാഴയിൽനിന്നു ഫലം കിട്ടണമെന്നില്ല. ഒരു കാറ്റോ വരൾച്ചയോ വന്നാൽ വാഴയുടെ കാര്യം അധോഗതിയാവും. ഇലയും നാരും ഫലവുംവരെ അടിമുടി ഗുണമുള്ളതായിട്ടും അനുകൂലസാഹചര്യം ഉണ്ടെങ്കിൽമാത്രമേ വാഴ ഫലം തരുകയുള്ളൂ. ഒരു കാറ്റടിച്ചാൽ.. ഒരു മഴ പെയ്താൽ.. ഒരു വരൾച്ച വന്നാൽ... ഇതുതന്നെയല്ലേ മനുഷ്യരുടെയും അവസ്ഥ! ■






സെപ്റ്റംബർ 8
ഏലിയാ – സ്ലീവ – മൂശക്കാലം
മൂന്നാം ഞായർ
(ഏലിയാ മൂന്നാം ഞായർ)

സംഖ്യ 24:15 – 24
സഖ 14:1 – 9
1 കോറി 7:29 – 35
മത്താ 24:32 – 44



# കർത്താവിന്റെ രണ്ടാംവരവ് ജാഗരൂകരായിരിക്കുവിൻ



ഫാ. ഡോ. തോമസ് വടക്കേൽ

"...ഞാൻ അവനെ കാണുന്നു; എന്നാൽ ഇപ്പോഴല്ല; ഞാൻ അവനെ ദർശിക്കുന്നു, എന്നാൽ, അടുത്തല്ല; യാക്കോബിൽനിന്ന് ഒരു നക്ഷത്രം ഉദിക്കും...'' (സംഖ്യ 24:17 a). "ഇതാ കർത്താവിന്റെ ദിനം... കർത്താവ് ഭൂമി മുഴുവന്റെയും രാജാവായി വാഴും. അന്ന് കർത്താവ് ഒരുവൻ മാത്രമേ ഉണ്ടായിരിക്കുകയുള്ളൂ" (സഖ. 14:1a,9). "സഹോദരരേ, സമയം പരിമിതമാണ്... ഞാൻ ഇതു പറയുന്നത് നിങ്ങളുടെ നന്മയ്ക്കുവേണ്ടിയാണ്... കർത്താവിനെ ഏകാഗ്രമായി ശുശ്രൂഷിക്കാൻ അവസരം ഉണ്ടാകാൻവേണ്ടിയുമാണ്" (1 കോറി. 7:29 a; 35). "...ഇതെല്ലാം കാണുമ്പോൾ അവൻ സമീപത്ത് വാതിൽക്കലെത്തിയിരിക്കുന്നുവെന്നു നിങ്ങൾ മനസ്സിലാക്കിക്കൊള്ളുവിൻ" (മത്താ. 24:32). ഏലിയാ-സ്ലീവാ-മൂശക്കാലത്തിലെ മൂന്നാം ഞായറിലെ വായനകളിലെല്ലാം നാം ധ്യാനിക്കുന്നത് 'കർത്താവിന്റെ വരവിനെ'ക്കുറിച്ചാണ്.

'പറൂസിയ' (parousia= second coming of the LORD) സംഭവിക്കുമെന്നത് എക്കാലത്തെയും ചിന്തയാണ്. 'കർത്താവിന്റെ ദിനത്തിൽ' മിശിഹാ വരുമെന്നും, ഒരു യുഗാന്ത്യ (eschatological) ഇടപെടൽ അവിടെ ഉണ്ടാകുമെന്നും എല്ലാവരും പ്രതീക്ഷിച്ചിരുന്നു. ദൈവത്തിന്റെ നിർണായകമായ ഇടപെടലിന്റെ ദിനമാണ് 'പറൂസിയ.' ഉത്ഥാനത്തിലൂടെ കർത്താവായി (kyrios = LORD) അവരോധിക്കപ്പെട്ട മിശിഹാ നമ്മുടെ കൂടെ വസിക്കുന്നുവെങ്കിലും; അവിടുന്ന് ഒരിക്കൽക്കൂടി മഹത്ത്വപൂർണനായി പ്രത്യക്ഷപ്പെടുമെന്നാണ് യുഗാന്ത്യപ്രതീക്ഷ.

**സംഖ്യ 24:15-24:** കർത്താവിന്റെ വാക്കുകൾ ശ്രവിച്ച് അവിടുത്തേക്കുവേണ്ടി ബാലാം പ്രവചനം നടത്തുന്നുണ്ട്. ഇസ്രയേൽജനതയുടെമേൽ ശാപത്തിന്റെ വാക്കുകൾ ഉച്ചരിക്കണെമെന്ന് ബാലാമിനെ ബലമായി നിർബന്ധിക്കുന്ന ബാലാക്കിന്റെ ഇടപെടലിനെ അതിലംഘിച്ചാണ് ബാലാം അനുഗ്രഹത്തിന്റെ നാലു പ്രവചനങ്ങൾ നടത്തുന്നത് (സംഖ്യ 23:1-24:25). നാലു പ്രവചനങ്ങളിലെ അവസാനത്തെ പ്രവചനമാണ് ഇന്നത്തെ വചനവായനയിൽ നാം ശ്രവിച്ചത് (24:14-25).

ഭാവിയിൽ ഇസ്രയേൽജനത്തിന്റെ ജീവിതത്തിൽ എന്തു സംഭവിക്കുമെന്ന പ്രവചനമാണിത്. യഥാർഥത്തിൽ ഇസ്രയേലിനു മഹത്ത്വപൂർണമായ ഭാവി ഉണ്ടാകുമെന്നും ജനതകളുടെമേൽ അവർ വിജയം വരിക്കുമെന്നും ബാലാം പ്രവചിക്കുന്നു. ശപിക്കണമെന്ന ബാലാക്കിന്റെ നിർബന്ധങ്ങൾക്കു വഴങ്ങാതെ ബാലാം അനുഗ്രഹിക്കുകയാണ്. 'ബാലാം' (Balaam) എന്ന വാക്കിന്റെ അർഥം 'ജനത്തെ വിഴുങ്ങുന്നവൻ' (swallowing up people, destroyer of people) എന്നാണ്. തന്റെ ശാപവചസ്സുകളാൽ ഏവരെയും തകർക്കാൻ അവനു കഴിയുമെന്ന് ആ പേരു സൂചിപ്പിക്കുന്നു. എന്നാൽ, ഇന്നു നാം വായിച്ചുകേട്ട വചനഭാഗത്ത് ബാലാം അനുഗ്രഹത്തിന്റെ വചസ്സുകൾ മൊഴിയുന്നവനായി മാറുകയാണ്. ബാലാം പറയുന്നത് ഇപ്രകാരമാണ്: "ദൈവത്തിന്റെ വാക്കുകൾ ശ്രവിച്ചവൻ, അത്യുന്നതന്റെ അറിവിൽ പങ്കുചേർന്നവൻ, സർവശക്തനിൽനിന്നു ദർശനം സിദ്ധിച്ചവൻ, തുറന്ന കണ്ണുകളോടെ സമാധിയിൽ ലയിച്ചവൻ പ്രവചിക്കുന്നു" (24:16).

'നക്ഷത്രം' എന്നർഥം വരുന്ന ഹെബ്രായഭാഷയിലെ 'കോക്കബ്' (kokab), 'ചെങ്കോൽ' (scepter) എന്നർഥം വരുന്ന 'ഷെബെത്' (shebet) എന്നീ പദങ്ങൾ ഇസ്രയേലിനെ ഭരിക്കാൻ പോകുന്ന രാജാവിനെയാണു സൂചിപ്പിക്കുന്നത്. 'മൊവാബിന്റെ നെറ്റിത്തടം തകർക്കും, ഷേത്തിന്റെ പുത്രന്മാരെ സംഹരിക്കുകയും ചെയ്യും' എന്ന വാക്കുകൾ മൊവാബരുടെയും ഏദോമ്യരുടെയുംമേൽ ഇസ്രയേൽ വരിക്കുന്ന വിജയത്തെക്കുറിച്ചാണു പരാമർശിക്കുന്നത്.

തിന്മയുടെ സകല ശക്തികളുടെയുംമേൽ വിജയം വരിക്കുമെന്നും ലോകജനതകളെ മുഴുവൻ മിശിഹായിലേക്കു നയിക്കുമെന്നും മിശിഹായിൽ എല്ലാം പൂർത്തിയാകുമെന്നുമുള്ള ഒരു പ്രവചനമായിട്ടാണ് സഭാപിതാക്കന്മാർ ബാലാമിന്റെ ഈ പ്രവചനത്തെ വ്യഖ്യാനിക്കുന്നത്.

**സഖറിയ 14:1-9:** ദർശകനായ സഖറിയ ദൈവത്തിൽനിന്ന് അദ്ദേഹത്തിനു ലഭിച്ച ദർശനങ്ങൾ എല്ലാവരോടും പങ്കുവച്ചു. 'സഖറിയ' എന്ന വാക്കിന്റെ അർഥം 'യഹോവ ഓർമിക്കുന്നു' എന്നാണ്. ദൈവം തിരഞ്ഞെടുത്തയച്ച അവിടുത്തെ വക്താവായിരുന്നു സഖറിയ. ബാബിലോൺ അടിമത്തത്തിൽനിന്നു തിരിച്ചുവരുന്നവർക്കു നൽകുന്ന ആശ്വാസത്തിന്റെയും പ്രതീക്ഷയുടെയും പ്രത്യാശയുടെയും വചസ്സുകളാണ് ഈ ഗ്രന്ഥത്തിലുള്ളത്. വരാനിരിക്കുന്ന മിശിഹായെക്കുറിച്ചുള്ള പ്രതീക്ഷകളും ഇവിടെ നാം കണ്ടുമുട്ടുന്നു.

യഹോവയുടെ ദിനത്തെക്കുറിച്ച് വെളിപാടുശൈലിയിലാണ് (apocalyptic style) സഖറിയ സംസാരിക്കുന്നത്. 14:1-5 ൽ ജറുസലെം വീണ്ടെടുക്കുന്നതിനുവേണ്ടി യഹോവ നടത്തുന്ന യുദ്ധത്തെക്കുറിച്ചും 14:6-11 ൽ പുതിയ ജറുസലെമിനെക്കുറിച്ചും പ്രവാചകൻ വെളിപ്പെടുത്തുന്നു. സകല ജനതകളും ഇസ്രയേലിനെതിരായി നിലകൊള്ളും. അവർ ജറുസലെം നഗരം പിടിച്ചെടുക്കും വീടുകൾ കൊള്ളയടിക്കുകയും സ്ത്രീകളെ അപമാനിക്കുകയും ജനത്തെ പ്രവാസത്തിലേക്കു കൊണ്ടുപോവുകയും ചെയ്യും. എന്നാൽ, ഒലിവുമലയിൽ നിലയുറപ്പിക്കുന്ന യഹോവ എല്ലാ പരിശുദ്ധന്മാരോടുംകൂടി എഴുന്നള്ളും (14:1-5).

യഹോവയുടെ ദിനത്തിന്റെ പ്രത്യേകതകളാണ് തുടർന്നുവരുന്ന ഭാഗത്ത് വ്യക്തമാക്കുന്നത് (14:6-7). കർത്താവിന്റെ ദിനത്തിൽ കാലാവസ്ഥയിൽ വരുന്ന മാറ്റത്തെക്കുറിച്ചാണ് വെളിപാടുശൈലിയിൽ അവതരിപ്പിക്കുന്നത്: "അന്നു തണുപ്പോ മഞ്ഞോ ഉണ്ടാവുകയില്ല. അന്നു തുടർച്ചയായി പകലായിരിക്കും. പകലും രാത്രിയുമില്ല; പകൽ മാത്രം..." പാപത്തിനുമുമ്പ് ഉണ്ടായിരുന്ന പ്രകാശത്തിന്റെ ലോകത്തിലേക്ക് ഒരു തിരിച്ചുവരവുണ്ടെന്നതിന്റെ സൂചനയാണിത്.

'ജറുസലെമിൽനിന്നു പുറപ്പെടുന്ന ജീവജലം' (14:8) പ്രത്യാശയുടെ അടയാളമാണ്. വരൾച്ചയുടെ ജീവിതങ്ങളിലേക്കു കർത്താവു വരുമെന്ന ദർശനമാണിത്. 'കർത്താവ് ഭൂമി മുഴുവന്റെയും രാജാവാകും' (14:9) എന്ന വചനം ദൈവമായ കർത്താവ് ലോകത്തിന്റെ മുഴുവൻ രാജാവാകും എന്ന പ്രത്യാശയുടെ സന്ദേശമാണു നൽകുന്നത്. ലോകം മുഴുവൻ ഏകദൈവത്തിൽ വിശ്വസിക്കുന്ന, അവിടുത്തെ ഏറ്റുപറയുന്ന 'കർത്താവിന്റെ ദിനം' ആണത്.

**1 കോറിന്തോസ് 7:29-35:** കോറിന്തോസിലെ സഭാംഗങ്ങൾക്കു വിവിധങ്ങളായ വിഷയങ്ങളെ സംബന്ധിച്ച് ധാരാളം സംശയങ്ങളുണ്ടായിരുന്നു. അതിൽ കുറെയൊക്കെ ദൂതന്മാർവഴി പൗലോസിനെ അറിയിച്ചു; വേറേ ചിലത് കത്തു മുഖാന്തരം പൗലോസിനോടു ചോദിച്ചു. പ്രായോഗികജീവിതത്തിലെ ചില കാര്യങ്ങളെക്കുറിച്ചാണ് അവർ പൗലോസിനെഴുതിയത്. അതുകൊണ്ടാണ് പൗലോസ് ആരംഭത്തിൽത്തന്നെ പറയുന്നത്: "ഇനി നിങ്ങൾ എഴുതിച്ചോദിച്ച കാര്യങ്ങളെപ്പറ്റി പ്രതിപാദിക്കാം" (7:1). കർത്താവിന്റെ രണ്ടാംവരവ് (പറൂസിയ) ഉടൻ ഉണ്ടാകുമെന്ന ചിന്തയിലാണ് പൗലോസ് ഇവിടെ മറുപടി നൽകുന്നത്. പൗലോസ് തന്റെ ജീവിതാനുഭവങ്ങളുടെ വെളിച്ചത്തിൽ ചില അഭിപ്രായങ്ങൾ പറയുകയാണിവിടെ.

കർത്താവിന്റെ വരവ് ഉടൻതന്നെ സംഭവിക്കാൻ സാധ്യതയുള്ളതിനാൽ സാധിക്കുന്നവരെല്ലാം 'കർത്താവിനുവേണ്ടി ഒരുങ്ങിയിരിക്കാൻ' പൗലോസ് അഭ്യർഥിക്കുകയാണ്. വിവാഹവാഗ്ദാനം നടത്തിയിരിക്കുന്നവരും, സാമൂഹികാചാരപ്രകാരം വിവാഹം ചെയ്തിരിക്കുന്നവരും 'ബ്രഹ്മചര്യ'ജീവിതത്തിലേക്കു കടന്നുവരാൻ പൗലോസ് ആഹ്വാനം ചെയ്യുകയാണിവിടെ. പൗലോസിന്റെ മനസ്സിൽ മുഴുവൻ യുഗാന്ത്യചിന്തയാണ്. സമയം പരിമിതമായിരിക്കുന്നതിനാൽ നിങ്ങൾ ആയിരിക്കുന്ന അവസ്ഥയിൽത്തന്നെ തുടരാനാണ് പൗലോസ് അഭ്യർഥിക്കുന്നത്.

അവിവാഹിതജീവിതത്തിന്റെ മേന്മ 'കർത്താവിന്റെ വരവിന്റെ പശ്ചാത്തലത്തിൽ' പൗലോസ് അവതരിപ്പിക്കുന്നുണ്ട്. അവിവാഹിതന്റെ താത്പര്യവും ചിന്തയും കർത്താവിനെ എങ്ങനെ പ്രീതിപ്പെടുത്താമെന്നാണ്. അവന്റെ ചിന്തയിൽ ഭൗതികലോകമില്ല; ആത്മീയതലമേയുള്ളൂ. എന്നാൽ, വിവാഹിതരായിരിക്കുന്നവർ തങ്ങളുടെ പങ്കാളിയെ എങ്ങനെ പ്രീതിപ്പെടുത്താൻ പറ്റുമെന്നു ചിന്തിച്ച് വ്യഗ്രചിത്തരും ഉത്കണ്ഠാകുലരുമാണ്. അക്കാരണത്താൽ 'കർത്താവിന്റെ വരവ്' ഉടൻതന്നെ സംഭവിക്കാൻ സാധ്യയുള്ളതിനാൽ 'ലൗകിക'തയിൽനിന്നു മാറി 'ദൈവികത'യിലേക്കു കടന്നുവരണമെന്ന് പൗലോസ് ഓർമിപ്പിക്കുന്നു.

**മത്തായി 24:32-44:** മത്തായി സുവിശേഷം 24:1-25:46 ൽ ഈശോ നടത്തുന്ന യുഗാന്ത്യോന്മുഖപ്രഭാഷണമാണ് സുവിശേഷകൻ അവതരിപ്പിക്കുന്നത്. ജറുസലെം ദൈവാലയത്തിന്റെ നാശത്തെക്കുറിച്ചും (24:1-2) വ്യാജപ്രബോധകരുടെ കടന്നുവരവിനെക്കുറിച്ചും മനുഷ്യപുത്രന്റെ ആഗമനത്തെക്കുറിച്ചും ദൈവരാജ്യത്തിന്റെ സംസ്ഥാപനത്തെക്കുറിച്ചും, ജാഗ്രത പുലർത്തേണ്ടതിനെക്കുറിച്ചും, ദൈവരാജ്യത്തിന്റെ സ്വഭാവമെന്തെന്നുമൊക്കെ ഇവിടെ അവതരിപ്പിക്കുന്നുണ്ട്. ഇന്നത്തെ സുവിശേഷവായനയിൽ അത്തിമരത്തിന്റെ ഉപമയിലൂടെ (24:32-36) ദൈവരാജ്യത്തിന്റെ ആഗമനത്തെക്കുറിച്ചും ആ സമയത്ത് എല്ലാവരും നടത്തേണ്ട ഒരുക്കത്തെക്കുറിച്ചും (24:37-44) സുവിശേഷകൻ വ്യക്തമാക്കുന്നു.

ഗ്രാമീണമായ ഒരു ചിത്രത്തിലൂടെ യുഗാന്ത്യദർശനം അവതരിപ്പിക്കുന്നു. പാലസ്തീനായിലെ ജനങ്ങൾ വേനൽക്കാലം അടുത്തിരിക്കുന്നുവെന്നു മനസ്സിലാക്കുന്നത് അത്തിമരത്തിന്റെ ശിഖരങ്ങൾ ഇളതാവുകയും ധാരാളം ഇലകൾ തളിർക്കുകയും ചെയ്യുമ്പോഴാണ്. ഇപ്രകാരംതന്നെ പ്രപഞ്ചത്തിലെ ചില അടയാളങ്ങൾ കാണുമ്പോൾ 'കർത്താവിന്റെ വരവിന്' (parousia) സമയമായി എന്ന് എല്ലാവരും ഗ്രഹിക്കണം. "He is near at the gates" (24:33) എന്ന പ്രയോഗം ഈശോയുടെ രണ്ടാംവരവിനെ ഉദ്ദേശിച്ചുള്ളതാണ്. ഈ സത്യം എല്ലാവരും മനസ്സിലാക്കേണ്ടതുണ്ടെന്നാണ് ഈശോ പറയുന്നത്.

'കർത്താവിന്റെ ദിനം' എപ്പോൾ വേണമെങ്കിലും സംഭവിക്കാമെന്നതിനാൽ എല്ലാവരും ജാഗ്രത പുലർത്തണം (24:42). 'keep awake' എന്നർഥം വരുന്ന ഗ്രീക്കുഭാഷയിലെ ഒരു 'imperative' പ്രയോഗം ഇവിടെയുണ്ട്: 'ഗ്രെഗോറെയ്ത്തെ' (gregoreite) കർത്താവിന്റെ ദിനം വരുമ്പോൾ എല്ലാവരും പുലർത്തേണ്ട 'ജാഗരൂകത' (vigilance) യാണ് ഇവിടെ ഉദ്ദേശിക്കുന്നത്. മനുഷ്യപുത്രന്റെ ആഗമനം അപ്രതീക്ഷിതമായതിനാൽ 'ഒരുക്കം' ആവശ്യമാണ്. ■

# നന്മനിറഞ്ഞവളേ, സ്വസ്തി!

## പരിശുദ്ധ മറിയത്തിന്റെ പിറവിത്തിരുനാളും എട്ടുനോമ്പാചരണവും

**സെപ്റ്റംബർ 8**
**പരി. മറിയത്തിന്റെ പിറവിത്തിരുനാൾ**



മേരി സെബാസ്റ്റ്യൻ




മരിയഭക്തിക്ക് ആദിമസഭയോളം പഴക്കമുണ്ടെങ്കിലും ആറാംനൂറ്റാണ്ടിൽ പൗരസ്ത്യ ക്രിസ്ത്യാനികളാണ് പരിശുദ്ധ മറിയത്തിന്റെ പിറവിത്തിരുനാളിന് ആരംഭം കുറിച്ചത്. ഒമ്പതാം നൂറ്റാണ്ടിലാണ് എട്ടുദിവസത്തെ നോമ്പാചരണത്തോടെ മാർത്തോമ്മാക്രിസ്ത്യാനികൾക്കിടയിൽ പരിശുദ്ധമറിയത്തിന്റെ പിറവിത്തിരുനാളാചരണം ആരംഭിച്ചത്.


ഒമ്പതാം നൂറ്റാണ്ടിൽ മുഹമ്മദീയർ കൊടുങ്ങല്ലൂർ ആക്രമിക്കുകയും അറബിരാജാവായ അബ്ദുൾ മലേക്ക് നസ്രാണി യുവതികളെ തന്റെ കൊട്ടാരത്തിലെ തോഴീസംഘത്തിൽ ചേർക്കാൻ കല്പന പുറപ്പെടുവിക്കുകയും ചെയ്തു. ഇതറിഞ്ഞ യുവതികൾ ഭയവിഹ്വലരും നിസ്സഹായരുമായി ദൈവാലയത്തിൽ അഭയം പ്രാപിച്ചു. തങ്ങളുടെ ചാരിത്രശുദ്ധി നഷ്ടപ്പെടാതിരിക്കാനും ഈ ക്രൂരവിനോദത്തിനു വിരാമമിടാനും വിലാപത്തോടും കണ്ണീരോടുംകൂടി പരിശുദ്ധമറിയത്തെ വിളിച്ചപേക്ഷിച്ചുകൊണ്ട് അവർ ഒരു നേർച്ച നേരുകയും ചെയ്തു. എട്ടുദിവസം പ്രാർഥനയും പ്രായശ്ചിത്തവും ഉപവാസവും നോമ്പുമായി ദൈവാലയത്തിൽ ഭജനമിരുന്നുകൊള്ളാമെന്നായിരുന്നു അവരുടെ നേർച്ച. നേർച്ചയ്ക്കു ഫലം ലഭിക്കുകയും മൂന്നാം ദിവസം രാജാവ് മരിക്കുകയും ചെയ്തുവെന്നാണു ചരിത്രം!

പരിശുദ്ധമറിയത്തോടുള്ള നന്ദിസൂചകമായി പിന്നീടങ്ങോട്ട് അവളുടെ ജനനത്തിരുനാളിനൊരുക്കമായി എട്ടുദിവസങ്ങൾ വ്രതശുദ്ധിയോടെ നോമ്പും ഉപവാസവും പ്രാർഥനയുമായി ദൈവാലയത്തിൽ ഭജനമിരുന്നുകൊണ്ടുള്ള നോമ്പാചരണം തുടർന്നുകൊണ്ടേയിരുന്നു. 'പരിശുദ്ധാത്മാവിന്റെ വീണ' എന്നറിയപ്പെടുന്ന വേദപാരംഗതനായ മാർ അപ്രേം മറിയത്തെക്കുറിച്ചു രചിച്ച കീർത്തനങ്ങളും അപദാനങ്ങളും ആലപിച്ചുകൊണ്ട് പലവട്ടം മുട്ടുകുത്തി കുമ്പിടുന്ന രീതിയും അവർ അനുഷ്ഠിച്ചുപോന്നു. എട്ടാം ദിവസം തങ്ങളുടെ ദൈവാലയവാസം പൂർത്തിയാക്കി സ്വഭവനങ്ങളിലേക്കു മടങ്ങുന്നതിനുമുമ്പായി സ്നേഹവിരുന്നൊരുക്കി പങ്കുവയ്ക്കുക എന്നൊരു പതിവും നിലനിന്നിരുന്നു. നാനാജാതി മതസ്ഥരും ഈ നോമ്പാചരണം ഭക്തിയോടും നിഷ്ഠയോടും വ്രതശുദ്ധിയോടുംകൂടി അനുഷ്ഠിക്കുകയും നിരവധിയായ അനുഗ്രഹങ്ങൾ പ്രാപിച്ച് ആത്മനിർവൃതി നേടുകയും ചെയ്യുന്നു. പല പുരാതനദൈവാലയങ്ങളിലേക്കും ഈ വാർത്ത വാമൊഴിയായി പരന്നൊഴുകി. മാർത്തോമ്മാ ക്രിസ്ത്യാനികൾക്കിടയിൽ മരിയഭക്തിക്കു പുതിയൊരു മാനം കൈവരുകയും ചെയ്തു.

എട്ടുനോമ്പാചരണത്തോടെ പരിശുദ്ധമറിയത്തിന്റെ ജനനത്തിരുനാൾ കൊണ്ടാടുന്ന പല മരിയൻ തീർഥാടനകേന്ദ്രങ്ങളും കേരളത്തിലുണ്ട്. മരിയഭക്തിയുടെ സിരാകേന്ദ്രമാണ് കുറവിലങ്ങാട് മേജർ ആർക്കിഎപ്പിസ്കോപ്പൽ മർത്ത്മറിയം ആർച്ചുഡീക്കൻ തീർഥാടന ദൈവാലയം. ഒന്നാംനൂറ്റാണ്ടിൽത്തന്നെ പരിശുദ്ധ മറിയത്തിന്റെ പ്രഥമപ്രത്യക്ഷീകരണം നടന്ന പുണ്യപുരാതന ഭൂമിയാണ് കുറവിലങ്ങാട്. മാർത്തോമ്മാക്രിസ്ത്യാനികളുടെ ഈറ്റില്ലമായ കുറവിലങ്ങാട് പള്ളിയിലും നൂറ്റാണ്ടുകൾക്കുമുമ്പേ എട്ടുനോമ്പാചരണത്തോടെ മറിയത്തിന്റെ ജനനത്തിരുനാൾ കൊണ്ടാടിയിരുന്നു. മുത്തിയമ്മ തെളിച്ചു നൽകിയ നീരുറവയിൽനിന്നുള്ള തീർഥജലം ഭക്തജനങ്ങൾക്കു സൗഖ്യംപകരുന്ന ഔഷധമായി പരിണമിക്കുന്നു. എട്ടുനോമ്പാചരിക്കുന്ന ചരിത്രപ്രസിദ്ധങ്ങളായ മരിയൻ തീർഥാടനകേന്ദ്രങ്ങളാണ് മണർകാട് പള്ളി, ചങ്ങനാശേരി പാറേൽപ്പള്ളി, കാഞ്ഞിരപ്പള്ളി അക്കരപ്പള്ളി, നെടിയശാല പള്ളി, നാഗപ്പുഴ പള്ളി, വെച്ചൂർ പള്ളി തുടങ്ങിയവ. ഇവിടെയെല്ലാം ആയിരക്കണക്കിനു ജനങ്ങളാണ് വ്രതശുദ്ധിയോടും നോമ്പാചരണത്തോടുംകൂടി അമ്മയ്ക്കുമുമ്പിൽ കരങ്ങൾ നീട്ടുന്നതും കണ്ണുകളുയർത്തുന്നതും അനുഗ്രഹപ്പൂമഴയിൽ നനഞ്ഞുകുളിക്കുന്നതും.

പരിശുദ്ധമറിയം ദൈവത്തിന്റെ മഹോന്നതസൃഷ്ടിയാണ്. അവളെ പിന്നിലാക്കാൻ തക്ക മറ്റ് ഒരു വ്യക്തിയെയും ദൈവം സൃഷ്ടിച്ചിട്ടില്ല. അനാദിയിലേ ദൈവത്തിന്റെ മനതാരിൽ വിരിഞ്ഞ അമലമനോഹരിയാണവൾ. ഉത്പത്തിമുതൽ വെളിപാടുവരെ പ്രത്യക്ഷമായും പരോക്ഷമായും നിറഞ്ഞുനില്ക്കുന്ന സ്ത്രീരത്നമാണവൾ. ദൈവം വൻകാര്യങ്ങൾ നടപ്പാക്കുന്നതിനു തനിക്കിഷ്ടമുള്ളവരെ തിരഞ്ഞെടുക്കുകയും വേർതിരിച്ചു മാറ്റിനിർത്തുകയും സുദീർഘവും ക്ഷമാപൂർവവുമായ കാത്തിരിപ്പിലൂടെ കടത്തിവിട്ട് ഒരുക്കിയെടുക്കുകയും ചെയ്യുന്നു. എക്കാലത്തെയും ചരിത്രങ്ങളും പാരമ്പര്യങ്ങളും മാനവരാശിക്കു നൽകുന്ന പാഠങ്ങളാണിത്. അങ്ങനെ ദൈവത്താൽ ഒരുക്കപ്പെട്ടവരാണ് ദൈവഭക്തരും നീതിനിഷ്ഠരും സൽഗുണസമ്പന്നരും ദാവീദുവംശജരുമായിരുന്ന അന്നാ - യോവാക്കിം ദമ്പതികൾ. സന്താനസൗഭാഗ്യമില്ലാതെ നീണ്ട ഇരുപതു വർഷങ്ങൾ അവർ കഴിഞ്ഞുകൂടി. അനപത്യദുഃഖത്തിന്റെ പാരമ്യതയിലും മനോവേദനയുടെയും ഒറ്റപ്പെടുത്തലിന്റെയും കുറ്റപ്പെടുത്തലിന്റെയും നീറ്റലിലും കഴിയവേ അവരുടെ വാർധക്യത്തിൽ ദൈവം ഉദരഫലം നൽകി അനുഗ്രഹിച്ചു.

സമയത്തിന്റെ തികവിൽ അന്ന ഒരു പെൺകുഞ്ഞിനു ജന്മം നൽകി! സ്വർഗവും ഭൂമിയും കോൾമയിർകൊണ്ട അനർഘനിമിഷമായിരുന്നു അത്. മറിയം എന്ന പേരിൽത്തന്നെ അവരുടെ അസ്തിത്വവും വ്യക്തിത്വവും മഹത്ത്വവും ദൗത്യവും നിക്ഷിപ്തമാണ്! മറിയത്തിന്റെ ജനനം ബി.സി. 20 ലാണെന്നും എ.ഡി. 42 ൽ തന്റെ 62-ാമത്തെ വയസ്സിൽ നിദ്ര വരിച്ചെന്നുമാണ് പാരമ്പര്യങ്ങളിൽനിന്നു ലഭ്യമാകുന്ന അറിവുകൾ. രണ്ടായിരം വർഷങ്ങൾ പിന്നിട്ടിട്ടും ഈ ഭൂമി മുഴുവൻ സുഗന്ധം പരത്തി പനിനീർപ്പൂപോലെ അവൾ തന്റെ തീർഥാടനം തുടരുകയാണ്! ആ പദതാരിൽ താണുവണങ്ങാം! സ്തുതികളുയർത്താം! പാടി നമിക്കാം! ആ കരംപിടിച്ചു മുന്നേറാം. രക്ഷ സുനിശ്ചിതം!! ■



സനിൽ പി. തോമസ്

# ഇനി പാരാലിംപിക്സ്

# ചരിത്രനേട്ടത്തിനായി ഇന്ത്യ

ഗ്രീഷ്മകാല ഒളിംപിക്സിന്റെ ആരവം കെട്ടടങ്ങുംമുമ്പേ പാരിസ് വീണ്ടും ഉണരുന്നു. ഇനി പാരാലിംപിക്സ് ദിനങ്ങൾ. ഓഗസ്റ്റ് 28 മുതൽ സെപ്റ്റംബർ എട്ടുവരെയാണ് വൈകല്യമുള്ളവരുടെ ഒളിംപിക്സ്. ജന്മനാ വൈകല്യങ്ങളുള്ളവർ, അപകടത്തിലും യുദ്ധത്തിലുമൊക്കെ പരിക്കേറ്റു വൈകല്യം സംഭവിച്ചവർ, അവർ വിധിക്കെതിരേ പൊരുതുകയാണ്. വിധിയെ പഴിക്കാതെ, വിധിക്കുമുമ്പിൽ പകച്ചുനിൽക്കാതെ, അവർ കളിക്കളത്തിലിറങ്ങുന്നു.

പതിനേഴാമത് ഗ്രീഷ്മകാല പാരാലിംപിക് ഗെയിംസ് (പാരീസ് 2024 പാരാലിംപിക്സ് ഗെയിംസ്) ആണ് പാരിസിൽ നടക്കുന്നത്. 168 രാജ്യങ്ങൾ പങ്കെടുക്കും. 22 സ്പോർട്സ് ഇനങ്ങളിൽ 549 വിഭാഗങ്ങളിലാണു മത്സരം. 22 സ്പോർട്സ് ഇനങ്ങൾ എന്നു പറയുമ്പോഴും സൈക്ലിങ്ങിനെ റോഡ്, ട്രാക്ക് ആൻഡ് ഫീൽഡ് എന്നിങ്ങനെ രണ്ടായി വിഭജിക്കുന്നതിനാൽ 23 സ്പോർട്സ് എന്നു പറയാം. 1960 ൽ പ്രഥമ പാരാലിംപിക്സിൽ എട്ടിനങ്ങളിൽമാത്രമായിരുന്നു മത്സരം. 4400 ലധികം കായിക താരങ്ങൾ പാരിസിൽ മത്സരിക്കുമെന്നാണു പ്രതീക്ഷ.

പാരിസിൽ ഓഗസ്റ്റ് 11 ന് കൊടിയിറങ്ങിയ ഗ്രീഷ്മകാല ഒളിംപിക്സിൽ സ്വർണമെഡൽ ഇല്ലാതെ മടങ്ങിയ ഇന്ത്യയ്ക്കു പാരാലിംപിക്സിൽ സുവർണപ്രതീക്ഷകൾ ഏറെയാണ്. 84 പാരാ അത്‌ലറ്റുകളാണ് പാരിസിൽ ഇന്ത്യയെ പ്രതിനിധാനം ചെയ്യുന്നത്. ചരിത്രത്തിലെ ഏറ്റവും വലിയ സംഘം. ഇതിൽ 47 പേർ പുതുമുഖങ്ങളാണ്. 2020 ടോക്കിയോയിൽ 56 അത്‌ലറ്റുകളാണ് ഇന്ത്യൻസംഘത്തിലുണ്ടായിരുന്നത്. ഒൻപത് ഇനങ്ങളിൽ ഇന്ത്യ ടോക്കിയോയിൽ മത്സരിച്ചു. ഇക്കുറി 12 ഇനങ്ങളിൽ ഇന്ത്യൻ താരങ്ങൾ മത്സരിക്കും.

പാരാലിംപിക്സിൽ കഴിഞ്ഞ 11 പതിപ്പുകളിലായി ഇന്ത്യ 31 മെഡൽ നേടിയിട്ടുണ്ട്. ഒൻപതു സ്വർണം, 12 വെള്ളി, 10 വെങ്കലം, ഇതിൽ പകുതിയിലേറെ കൈവന്നത് കഴിഞ്ഞ തവണ ടോക്കിയോയിലാണ്. ടോക്കിയോയിൽ ആവണി ലെഖാറ (വനിതകളുടെ 10 മീറ്റർ എയർ




റൈഫിൾ ഷൂട്ടിങ്), സുമിത് അന്റിൽ (പുരുഷന്മാരുടെ ജാവലിൻ ത്രോ), മനീഷ് നർവാൾ (പുരുഷന്മാരുടെ 50 മീറ്റർ പിസ്റ്റൽ) പ്രമോദ് ഭഗത് (പുരുഷബാഡ്മിന്റൺ), കൃഷ്ണനാഗർ (പുരുഷ ബാഡ്മിന്റൺ) എന്നിവർ ഇന്ത്യയ്ക്കായി സ്വർണം നേടി. പാരാലിംപിക്സിൽ സ്വർണം നേടിയ ആദ്യ ഇന്ത്യൻവനിതയാണ് ആവണി ലെഖാറ.

ഇത്തവണ 25 മെഡലാണ് ഇന്ത്യ ലക്ഷ്യമിടുന്നത്. ഗ്രീഷ്മകാല ഒളിംപിക്സിൽ ഇന്ത്യ രണ്ടക്കം ലക്ഷ്യമിട്ടെങ്കിലും ആറു മെഡലാണു കിട്ടിയത്. പക്ഷേ, പാരാലിംപിക്സിൽ ഇന്ത്യ കൂടുതൽ ശക്തമാണ്. പാരാലിംപിക് കമ്മിറ്റി ഓഫ് ഇന്ത്യയുടെ പ്രസിഡന്റായ, രണ്ടു തവണ പാരാലിംപിക്സിൽ സ്വർണം നേടിയിട്ടുള്ള ദേവേന്ദ്ര ജജാരിയ വലിയ ആത്മവിശ്വാസം പ്രകടിപ്പിച്ചു: "സമ്മർദത്തിലാകരുത്. കഴിവിന്റെ പരമാവധി പുറത്തെടുക്കുക, മെഡൽ നിങ്ങൾക്കു സ്വന്തമാകും" തന്റെ അനുഭവസമ്പത്തിന്റെ വെളിച്ചത്തിൽ ജജാരിയ ഇന്ത്യൻ താരങ്ങളോടു പറഞ്ഞു.

'രാജ്യത്തിന്റെ അഭിമാനം' എന്നാണ് ഇന്ത്യൻസംഘത്തെ കേന്ദ്ര സ്പോർട്സ് മന്ത്രാലയം വിശേഷിപ്പിച്ചത്. കേന്ദ്ര സ്പോർട്സ് മന്ത്രി ഡോ. മൻസൂഖ് മാണ്ഡവ്യയുടെയും സഹമന്ത്രി രക്ഷാ ഖട്സെയുടെയും നേതൃത്വത്തിൽ ഉജ്ജ്വലയാത്രയയപ്പാണ് ടീമിനു നൽകിയത്. സുമിത് അന്റിൽ ആയിരിക്കും ഉദ്ഘാടനച്ചടങ്ങിൽ ഇന്ത്യയുടെ പതാക വഹിക്കുക. മെഡൽ പട്ടികയിൽ ആദ്യ ഇരുപതിൽ വരികയാണ് ഇന്ത്യയുടെ ലക്ഷ്യം.

ടോക്കിയോയിൽ ഇന്ത്യൻ സംഘത്തിൽ 14 വനിതകളാണ് ഉണ്ടായിരുന്നതെങ്കിൽ ഇക്കുറി 32 വനിതകൾ ഇന്ത്യൻ ജേഴ്സി അണിയുന്നു. പാരാ സൈക്ലിങ്, പാരാ റോവിങ്, ബ്ലൈൻഡ് ജൂഡോ എന്നീ ഇനങ്ങളിൽ ഇന്ത്യ ഇത്തവണ അധികമായി മത്സരിക്കുന്നുണ്ട്. ഇതുവരെ കണ്ടതിൽ ഇന്ത്യയുടെ ഏറ്റവും മികച്ച പ്രകടനമാണ് ടോക്കിയോയിൽ സാധ്യമായത്. അഞ്ചു സ്വർണം ഉൾപ്പെടെ 19 മെഡലുകൾ (എട്ടു വെള്ളി, ആറു വെങ്കലം) നേടി.

ആർച്ചറി, അത്‌ലറ്റിക്സ്, ബാഡ്മിന്റൺ, കനൂയിങ്, സൈക്ലിങ്, ജൂഡോ, പവർ ലിഫ്റ്റിങ്, റോവിങ്, ഷൂട്ടിങ്, സ്വിമ്മിങ്, ടേബിൾ ടെന്നീസ്, തൈക്വാൻഡു ഇനങ്ങളിലാണ് ഇന്ത്യ മത്സരിക്കുന്നത്. അത്‌ലറ്റിക്സിലാണ് ഏറ്റവുമധികം താരങ്ങൾ ഇറങ്ങുക - 38 പേർ. ബാഡ്മിന്റണിൽ 13 പേർ മത്സരിക്കും. ഷൂട്ടിങ്ങിൽ 10 പേർ ഉണ്ട്. 1972 ലാണ് പാരാലിംപിക്സിൽ ഇന്ത്യ ആദ്യമെഡൽ നേടുന്നത്. ഹീഡൻബർഗിൽ നടന്ന മേളയിൽ മുരളീകാന്ത് പേത്കർ 50 മീറ്റർ ഫ്രീസ്റ്റൈൽ നീന്തലിൽ സ്വർണം നേടി. ഇന്ത്യ ഇന്ന് ഏറെ മുന്നേറിക്കഴിഞ്ഞു.

രാജ്യാന്തരപാരാലിംപിക് കമ്മിറ്റിയാണ് പാരാലിംപിക്സ് നിയന്ത്രിക്കുന്നത്. പാരിസ് ആദ്യമായാണ് വേദിയാകുന്നത്. എന്നാൽ, ഫ്രാൻസിലെ ടിഗ്നെസ് ആൻഡ് ആൽബെർട്‌വിലെയിൽ 1992 ൽ ശീതകാല പാരാലിംപിക്സ് നടന്നിട്ടുണ്ട്. പാരിസിൽ സ്റ്റേഡ് ദ് ഫ്രാൻസിലാണ് ഉദ്ഘാടന-സമാപനച്ചടങ്ങുകൾ നടക്കുക. 17 വേദികളിലായായിരിക്കും മത്സരങ്ങൾ നടക്കുന്നത്.

പാരാ ഇക്വസ്ട്രിയനിലും (67 വനിതകൾ, 17 പുരുഷന്മാർ) പാരാ പവർ ലിഫ്റ്റിങ്ങിലും (90 വനിതകൾ, 89 പുരുഷന്മാർ) വനിതകൾക്കു മുൻതൂക്കമുണ്ട്. പാരാ ബാഡ്മിന്റൻ, ഗോൾ ബോൾ, പാരാ നോവിങ്, വീൽചെയർ ബാസ്കറ്റ് ബോൾ എന്നിവയിൽ സ്ത്രീ-പുരുഷസമത്വമുണ്ട് പങ്കാളിത്തത്തിൽ. 2020 ൽ ടോക്കിയോയിൽ 164 രാജ്യങ്ങളാണ് പങ്കെടുത്തത്. എറിട്രിയ, കിരിബാറ്റി, കൊസവോ എന്നിവ നടാടെയാണു പങ്കെടുക്കുന്നത്. പാരാലിംപിക്സ് റിഫ്യൂജി ടീമും മത്സരിക്കുന്നു. മൂന്നാം തവണയാണ് റിഫ്യൂജി ടീം മത്സരിക്കുന്നത്. അമേരിക്കൻ ടീമിൽ 225 പേർ ഉണ്ട്. ഇതിൽ അഞ്ചുപേർ ഗൈഡുകളാണ്. 110 വീതം പുരുഷ-വനിതാതാരങ്ങളെയാണ് യു.എസ്. ടീമിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

■

## ഇടിമണ്ണിക്കൽ എഡ്ജ് ഒപ്റ്റിക്കൽസിൽ കൺവെട്ടം വിഷൻ എക്സ്പോ

കറുകച്ചാൽ: ഇടിമണ്ണിക്കൽ എഡ്ജ് ഒപ്റ്റിക്കൽസിൽ കൺവെട്ടം വിഷൻ എക്സ്പോ 2024 തുടരുന്നു. കൺവെട്ടം ഓഫറിൽ ഒരു കണ്ണട വാങ്ങുമ്പോൾ ഒരു കണ്ണട സൗജന്യമാണ്. വിവിധയിനം ഫാഷനുകളിലുള്ള വിദേശനിർമിതഫ്രെയിമുകൾക്ക് 50 ശതമാനം ഡിസ്കൗണ്ടും ലഭിക്കും. 250 രൂപ മുതലുള്ള കണ്ണടകൾക്ക് ഒരു വർഷത്തെ റീപ്ലെയ്സ്മെന്റ് ഗാരന്റി ലഭിക്കും. ലൈറ്റ് വെയ്റ്റ് ഫ്രെയിമുകളുടെ പുതിയ കളക്ഷനുകളും എക്സ്പോയിലുണ്ട്.

മേയ്ബാങ്ക്, മോണ്ട്ബാങ്ക്, ടോംഫോർഡ്, പോർഷെ ഡിസൈൻ, ഡീറ്റോ, അകോണി, സിൽവറ്റ്, ബാർബറി, പ്രാഡാ, മൗജിം തുടങ്ങിയ കമ്പനികളുടെ സൺഗ്ലാസ് ഫ്രെയിമുകൾക്കൊപ്പം അഡിഡാസ്, പൂമ, നൈക്ക് എന്നിവയുടെ പുതിയ കളക്ഷനുകളും പോർഷെ, ജാഗ്വർ, ബിഎംഡബ്ളിയു, ട്രെൻഡി ബ്രാൻഡുകളും കൺവെട്ടം എക്സ്പോയിൽ സജ്ജീകരിച്ചിട്ടുണ്ട്.

ചങ്ങനാശേരി, കാഞ്ഞിരപ്പള്ളി, കറുകച്ചാൽ, കോട്ടയം, പാലാ, അങ്കമാലി, കടവന്ത്ര, തിരുവല്ല, പത്തനംതിട്ട, അടൂർ എന്നിവിടങ്ങളിൽ ഓഫർ ലഭ്യമാണ്. തൃപ്പൂണിത്തുറയിലും കാക്കനാട്ടും പുതിയ ബ്രാഞ്ചുകൾ ഉടൻ പ്രവർത്തനമാരംഭിക്കുമെന്ന് മാനേജിംഗ് പാർട്ണർ സണ്ണിച്ചൻ ഇടിമണ്ണിക്കൽ അറിയിച്ചു.

മുതിർന്ന ദമ്പതികൾക്കായി കായൽപ്പരപ്പിലൂടെ ഒരു ഉല്ലാസയാത്ര

ഉല്ലാസയാത്ര, താമസം, ഭക്ഷണം, വിനോദപരിപാടികൾ, ചർച്ചകൾ, പ്രചോദനാത്മകമായ പ്രഭാഷണങ്ങൾ etc.

2024 സെപ്തംബർ 5 6

5th, 11.30 am to 6th, 9 am (ആലപ്പുഴ പള്ളാത്തുരുത്തിയിൽ നിന്നും ആരംഭിക്കുന്നു)

TOTAL EXPENSE : 7,000 ₹ For one couple (ഭക്ഷണവും താമസവും ഉൾപ്പടെ)

Dream Setters EVENTS & TRAININGS Contact: 94 47 11 43 28




ആവശ്യമെങ്കിൽ മുതിർന്ന ദമ്പതികളെ ഭവനത്തിൽ നിന്ന് കൊണ്ടു പോവുകയും തിരികെ എത്തിക്കുകയും ചെയ്യുന്ന ക്രമീകരണങ്ങളും സാധ്യമാക്കും. (കോട്ടയം ജില്ലക്കാർക്ക് മാത്രം)

Deepanalam Weekly

RNI No : 16998/68
Vol. 57 No. 26 Date of Publication 29 August 2024
Annual Subscription Rate ₹ 400 (For Abroad ₹ 4500)

Registered No. KL/KTM/12/2024-2026
License No. KL/CR/KTM/WPP-16/2024-2026
Licensed to post without pre-payment




Printed & Published by Fr. Joseph Thadathil on behalf of Deepanalam Society Palai, Reg. No. 69/77 and printed at Deepanalam printings Palai P.O., Pin-686575 and Published at Palai, Kottayam Dist. Kerala, Pin -686575 . Editor - Fr. Kurian Thadathil * Responsible for selection of news under PRB Act.
Ph: 04822-212842 . 7306874714 . Fax: 04822-212842 . Email: editordeepanalam@gmail.com . deepanalam@rediffmail.com . website: www.deepanalam.org